10481

# ആരോഗ്യചന്ദ്രിക

അഥവാ

## കുഡുംബവൈദ്യൻ.

പ്രഥമഗ്രന്ഥം.

ഗ്രന്ഥകർത്താവു്:
സ്വാമി സച്ചിദാനന്ദ.

Since 1923

4048

# ആരോഗ്യചന്ദ്രിക

അഥവാ

## കുഡുംബവൈദ്യൻ.

പ്രഥമഗ്രന്ഥം.

ഗ്രന്ഥകൎത്താവ്:

സ്വാമി സച്ചിദാനന്ദ,

ശ്രീനാരായണാശ്രമം, പെരിങ്ങോട്ടുകര.

പ്രസാധകൻ:

വി. യു. സുകുമാരൻ,

കഴിമ്പ്രം, വലപ്പാട്ട്‌വഴി.

Price: 1-8-0 വില: 1-8-0

Since 1923

ഒന്നാംപതിപ്പ്

കോപ്പി 1000.

1957 മേയ്.

പകർപ്പവകാശം പ്രസാധകന്.

പെരിങ്ങോട്ടുകര

ശ്രീനാരായണപ്രസ്സിൽ

അച്ചടിച്ചതു്.

Since 1923

# വിജ്ഞാപനം.

---

ബ്രഹ്മശ്രീ സച്ചിദാനന്ദസ്വാമികൾ ഒന്നാമതു് എഴുതിയ "കുഡുംബവൈദ്യൻ" പദ്യത്തിൽ ആയിരുന്നു. ഒരു വർഷം മുമ്പെ ആ ഗ്രന്ഥം ഒരുവിധം എഴുതി അവസാനിച്ചു എന്ന ഘട്ടത്തിൽ ഒരു യാത്രയിൽ ആയതു് നഷ്ടപ്പെട്ടുപോയി. പിന്നീടു് കുറെ കഴിഞ്ഞതിനുശേഷം ഗാനവൃത്തത്തിൽ എഴുതുവാൻ തീരുമാനിച്ചു, അങ്ങിനെ എഴുതി. അതിലെ അധഃകായ വിഭാഗവും, അവിടന്നു ഒരിക്കൽ പ്രസിദ്ധംചെയ്തിട്ടുള്ള ആരോഗ്യചിന്താമണിയെ അല്പം ഭേദഗതിചെയ്തു് ചേർത്ത പൂർവ്വവിഭാഗവും കൂടിയതാണു് ഈ പ്രഥമഗ്രന്ഥം.

ഏതെങ്കിലും രോഗം വരുമ്പോൾ ക്ഷണത്തിൽ വൈദ്യനെ ലഭിക്കാൻ സാധിക്കാത്ത അവസരത്തിൽ ഒരു പ്രാരംഭചികിത്സക്കു് "കുഡുംബവൈദ്യൻ" ഉണ്ടായാൽ ഉപകരിക്കും എന്നതു് തീർച്ചതന്നെ. അധികം രോഗങ്ങളും ഈ പ്രാരംഭചികിത്സകൊണ്ടുതന്നെ സുഖമാവുകയും ചെയ്യും. അത്ര പ്രയോജനകരമായ ഈ ഗ്രന്ഥം പാട്ടിലായാൽ സ്ത്രീകൾക്കുകൂടി എളുപ്പം ഓർമ്മിക്കുവാനും കഴിയും.

ഈ ഗ്രന്ഥത്തിൽ നാനാഗാനവൃത്തങ്ങളും ഉപയോഗിച്ചിട്ടുണ്ടു്. അതിനുംപുറമെ പ്രയാസംകൂടാതെ പ്രയോഗിപ്പാൻ കഴിയുന്ന മരുന്നുകളുമാണു് സുലഭമായി പ്രതിപാദിച്ചിട്ടുള്ളതു്. അവയെല്ലാം ഗ്രന്ഥത്തെ മോടിപ്പെടുത്തുന്നുണ്ടു്.

ദ്വിതീയഗ്രന്ഥവും എഴുതികഴിഞ്ഞിട്ടുണ്ടു്. ആയതും ഉടനെ പ്രസിദ്ധീകരിക്കുന്നതാണു്. അച്ചടിക്കാതിരിക്കുന്ന അവിടത്തെ മററു ഗ്രന്ഥങ്ങളും താമസിയാതെ പ്രസിദ്ധീകരിക്കുന്നുണ്ടു്. ഗ്രന്ഥകർത്താവായ പിതാവിനെ വന്ദിച്ചുകൊണ്ടും, ഈ ഗ്രന്ഥം വൃത്തിയായി അച്ചടിച്ചുതന്ന ശ്രീ: കരിപ്പാറ കൃഷ്ണൻകുട്ടി അവർകളോടു് നന്ദിപറഞ്ഞുകൊണ്ടും ഈ വിജ്ഞാപനം അവസാനിപ്പിക്കുന്നു.

Since 1923

വി. സു. സുകുമാരൻ,

പ്രസാധകൻ.

# ആരോഗ്യചന്ദ്രിക

അഥവാ

## കുഡുംബവൈദ്യൻ

---

### പ്രഥമഗ്രന്ഥം.

---

## 1. ഗ്രന്ഥപ്രയോജനം.

(ഗാഥ)

ബാധയറെറപ്പേരും ബോധംവളൎത്തുവാൻ
ബാലികാബാലകന്മാരാം നമ്മൾ, 1
ശാരദാദേവിയെ ശ്ശൈശവത്തിൽതന്നെ
ശാശ്വതപ്രീതിക്കു സേവിക്കവേ, 2
ആരോഗ്യചന്ദ്രികയാകുമീഗ്രന്ഥവു-
മാരോമൽ പൈതങ്ങൾ ചിന്തിക്കേണം; 3
പാകശാലയിലീഗ്രന്ഥം പൈതങ്ങൾ
പാട്ടകിലാരോഗ്യരക്ഷനേടാം. 4
ഭാവിയിലേവൎക്കും ഭാവുകരതാഢ്യ-
ഭൂഷണം ചേൎപ്പിപ്പതിഗ്രന്ഥമാം; 5
ജീവിതാദൎശവുമാമയഹേതുവും
ജന്മസാഫല്യവുമിങ്ങറിയാം. 6
ശൈശവരക്ഷയും, ശാശ്വതധൎമ്മവും
ശോഭനവൃത്തിയും സൂക്ഷ്മംകേൾക്കാം; 7

Since 1923

ഗർഭചികിത്സയും, മാനസവൃത്തികളും
ഗംഭീരമാകേണ്ടും കർമ്മങ്ങളും; 8
രോഗനിവാരണം, രാഗനിരോധനം,
രാമാജനത്തിൻെറ സേവനവും, 9
വേഗക്രമങ്ങളും, വൈദ്യരഹസ്യവും
വേണ്ടുംവിധമെല്ലാം പാഠംചെയ്യാം; 10
ഏവം കുഡുംബത്തിൽ വൈദ്യനെന്ന വണ്ണ-
മീഗ്രന്ഥം നന്മയിൽ വർത്തിക്കുന്നു. 11

നമ്മെ പഠിപ്പിക്കും നല്ലഗുരുക്കന്മാർ
നന്മയിൽചൊല്ലും മൊഴികളെല്ലാം, 12
ഒന്നും വിടാതെ നാമോർമ്മിച്ചു നാളുക-
ളോരോന്നും പോക്കിയാൽ ഭാഗ്യമെത്തും; 13
രക്ഷിതാക്കന്മാർക്കും രക്ഷ്യന്മാർക്കുമെല്ലാം
രമ്യമാമീഗ്രന്ഥം നന്മനൽകും. 14

---

## 2 ആരോഗ്യ ശിക്ഷാസംഗ്രഹം.

(വഞ്ചിപ്പാട്ട്)

ആരോഗ്യത്തിൻ രക്ഷയ്ക്കുവേണ്ടുംകർമ്മങ്ങളെച്ചൊല്ലാം
ആദരിച്ചു പൈതങ്ങളെ! ആചരിയ്ക്കുവിൻ 1
നിർമ്മലവായുവും വേണം, നിർമ്മലവെള്ളവും വേണം
നിർമ്മലാഹാരവുംവേണം നമ്മൾക്കുനിത്യം- 2
വാതം രേണുവാലും ദുഷ്ടവാതത്താലും ചീത്തയാകും,
വാതത്തെസ്സസ്യവും നീരും ശുദ്ധവുമാക്കും; 3

Since 1923

അറിഞ്ഞവ ജീവിതത്തിൻ പ്രയോജനമാക്കിയാലെ
അനുഷ്ഠാന കൃതാൎത്ഥനായ്‌ പ്രശോഭിച്ചീടൂ; 17
ഏവമെല്ലാം ചിന്തചെയ്തു ഭാവിഭാഗ്യത്തിന്നാധാരം
ഏവരും സമ്പാദിക്കേണമാരോഗ്യലാഭം. 18

---

# 3. ശിശുപരിപാലനം.

(പാന)

ചൊല്ലിടുന്നേൻ ശിശു പരിപാലനം
മല്ലപ്പൂമിഴിമാരറിയേണ്ടവ:— 1
പൈതലിനെ കുളിപ്പിക്കണം നിത്യം,
പൈദാഹം ശമിപ്പാൻ മുലനല്കണം; 2
സ്തന്യത്തോളം ശരിയല്ലൊരാഹാരം,
തന്നതീശ്വരൻതന്നെ ശിശുക്കൾക്കു; 3
ചേലറ്റേതും ശിശു മലമൂത്രത്തിൽ
ചെന്നിടാതെ സദാപി സൂക്ഷിക്കണം; 4
കാറ്റും നല്ല വെളിച്ചവുമുള്ളിടം
കാതലായിക്കരുതണമുണ്ണികൾക്കു; 5
ശുദ്ധമായി മുറിയിലടച്ചിട്ടാൽ
ഗാഢം ദോഷമണഞ്ഞെന്നും വന്നിടാം; 6
രോഗമുള്ള ജനങ്ങളെടുക്കയോ,
രോഗമുള്ളവർതൻ മുല നല്കയോ, 7
ചെയ്തുപോകാതെ കാത്തീടുക നല്ല,
പൈതലിൽപരം രോഗം പകരായ്വാൻ; 8

Since 1923

തള്ളയിൽ ചില രോഗങ്ങളുണ്ടെങ്കിൽ
പിള്ളയിൽക്കൂടി വന്നുപോകാമല്ലോ! 9
ആയതോർത്തു ചികിത്സകർ തള്ളയി-
ലായവണ്ണം പരീക്ഷിച്ചുചെയ്യണം. 10

പെററതായ ദിനം മുലപ്പാൽ ചുര-
ന്നിററ പോരാതിരിക്കുന്നുവെങ്കിലോ, 11
ചിന്തചെയ്തു പൈംപാൽ ലഘുവാക്കിയോ,
മുന്തിരിങ്ങാരസമോ കൊടുത്തിടാം; 12
അന്യനാരി, യരോഗിണി യാകിലോ,
സ്തന്യവും കൊടുപ്പിക്കാം കണക്കുപോൽ. 13
കുട്ടിതന്റെ മലത്തിന്റെ ശോധന-
യ്ക്കൊട്ടും വാട്ടം വരാതെ സൂക്ഷിക്കണം; 14
ബ്രഹ്മീനീരം സുഖശോധനയ്ക്കേകാം;
വേണ്ടവ മററവൈദ്യൻ കഥിച്ചിടും. 15

കേരതൈലംകൊണ്ടഭ്യംഗമുള്ളതോ,
കേരളീയശിശുക്കൾക്കു പററമേ; 16
വെള്ളം ചൂടായ് തണുപ്പിച്ചതാവണം,
പിള്ളയെ തോർത്തിടേണം വെടുപ്പുപോൽ; 17
വെണ്ണനൈ ക്രമംപോലെ നല്കുന്നതും,
സ്വർണ്ണഭസ്മം കൊടുക്കുന്നതും നന്നു; 18
നല്ലരവുമരുന്നുകളുണ്ടവ
ചൊല്ലും പിന്നീടതുപോൽ കൊടുക്കണം; 19
നാലുമാസംവരയ്ക്കും ശിശുക്കളെ-
പ്പാലുതന്നെ കൊടുത്തു പുലർത്തിടാം; 20
ആറുമാസം വരെയ്ക്കുമാവാം പിന്നെ,
ചോറുപാകം കുറുക്കോ കൊടുത്തിടാം; 21

Since 1923

ചീഞ്ഞഴിഞ്ഞും,കൃമിച്ചും,നീർചീർത്തയായി ച്ചമഞ്ഞീടും,
ചീർത്തവെള്ളം നുരച്ചീടും കനത്തും കാണാം; 4

പല്ലുകോച്ചും നീരുമാതപത്താൽനിത്യം തപിപ്പതും
പാറകയില്ലാ വിഷം കലർന്നിരിപ്പതും; 5

കാറിയതും, നാറിയതും, കട്ടുള്ളതും, കെട്ടുള്ളതും
കൊള്ളരുതാഹാരമായിട്ടെടുത്തുകൂടാ; 6

അത്യാഹാരം കഴിക്കൊല്ലാ, അനാഹാരനായീടൊല്ലാ,
അത്യന്തം വിരുദ്ധഹാരമെടുത്തീടൊല്ലാ; 7

അശിച്ചതു ദഹിച്ചല്ലാതശിച്ചീടൊല്ലെന്ന തത്വം,
അറിഞ്ഞനുഷ്ഠിപ്പവർക്കാരോഗ്യമുണ്ടാകും. 8

ഉദരത്തിലൊരു നാലൊന്നൊഴിച്ചൊരുഭാഗം ജലം
ഇരുഭാഗമശനവും കഴിക്കനെല്ലൂ; 9

ദേഹശുദ്ധി, വസ്ത്രശുദ്ധി, വാക്കിൻശുദ്ധി, കർമ്മശുദ്ധി,
വിചാരശുദ്ധിയും, വീട്ടിൻശുദ്ധിയും വേണം; 10

ഉറക്കത്തിൻക്രമം വേണ, മുണർച്ചക്കും ക്രമം വേണം,
കുറവു മത്യധികവുമെടുത്തീടൊല്ലാ; 11

ഈശ്വരചിന്തകന്മാരിൽ ചിലർക്കുറക്കം കുറക്കാ–
മീശ്വരചിന്തയാലതു സുഖവുമാവാം. 12

ഇതും, കായമെഴും നമ്മളളവിനു തക്കവണ്ണം
കാലോചിതം വ്യായാമവുമെടുത്തീടേണം; 13

പഠിപ്പു മാനസത്തിനെ വിടർത്തുമെന്നതുപോലെ
ചൊടിപ്പു പേശിക്കരുത്തിൻ വളർച്ചയേകും, 14

ദുർമ്മേദസ്സിൻ നാശംപിന്നെ ദോഷശേഷദഹനവും,
ദൈഹിക ലാഘവം കർമ്മകുശലതയും 15

ആയാസത്താലുളവാക, മായതൊത്തപോലെചെയ്താൽ,
അറിവാരോഗ്യത്തോടൊത്തേ ശോഭിക്കയുള്ളൂ; 16

മുത്താറിപ്പൊടി, കണ്ണൻ കായപ്പൊടി,
മുത്തോരന്നോർ കുറുക്കിക്കൊടുക്കണം; 22

പാശ്ചാത്യന്മാരയക്കും പൊടികളും,
പററമെങ്കിലതും കൊടുക്കാമല്ലോ. 23

ചോറും മോരും കൊടുക്കുന്നതോ കൊള്ളാം,
പോരുമല്ലോ ശിശുക്കൾക്കതുമാത്രം; 24

പല്ലുവന്നാൽ കടിച്ചുതിന്നാവതും
ചൊല്ലിയന്ന മട്ടോത്തുകൊടുത്തിടാം; 25

കുട്ടികൾക്കു കണക്കുവിട്ടാഹാര–
മൊട്ടും നല്കാതിരിക്കണ മേവരും; 26

പ്രായത്തിന്നനുകൂലിച്ചു ഭക്ഷണം,
പ്രേമപൂർവ്വം കൊടുക്കുകയും വേണം; 27

പൈവരുമ്പോൾ കൊടുക്കേണ മാഹാരം,
പൈപൊറുത്താൽ കൊടുക്കാതിരിക്കണം. 28

ഭക്ഷണക്രമ മേവമിരിക്കട്ടെ,
രക്ഷണക്രമം വേറെയുമുണ്ടല്ലോ! 29

പൈതങ്ങൾക്കുറക്കം പകലും വേണം,
പൈദാഹംപോലെ ശ്രദ്ധിക്കണമതും; 30

നന്നുറക്കം വളർച്ചയെയുണ്ടാക്കു–
മെന്നതത്വം മറന്നുകൂടാ ജനം; 31

മററുള്ളജന മേററമുറങ്ങിയാൽ
പററും ജാഡ്യം, ശിശുക്കൾക്കുപററിടാ; 32

തന്നത്താനേയുണർന്നു കളിക്കുമ്പോ–
ഴന്നേരമെല്ലാം ലാളിച്ചുംകൊള്ളണം. 33

ഉണ്ണിയെക്കയ്യിലെപ്പോഴും വെക്കൊലാ,
മണ്ണിൽതീരെ കിടത്തായ്കയും വേണം; 34

Since 1923

കയ്യും കാലും കുടഞ്ഞു കളിക്കുവാൻ
പെയ്യുംമോദാൽ വിരിപ്പിൽ കിടത്തണം. 35

പട്ടുടുപ്പും പലതും ധരിപ്പിച്ചു
കെട്ടിപ്പൂട്ടി വെക്കൊല്ലാ ശിശുക്കളെ; 36

ഭീഷണി ചൊല്ലിപ്പീഡിപ്പിച്ചീടൊലാ,
ഭാഷണം ശുദ്ധമാക്കാൻ ശ്രമിക്കണം; 37

സൽസ്വഭാവം വളർത്തണം, വൃത്തിയും
സഞ്ജനിപ്പിച്ചുതന്നെ പുലർത്തണം; 38

ശുദ്ധഭക്ഷണം, ശുദ്ധമാം വെള്ളവും,
ശുദ്ധവസ്ത്രവും മാത്രമേ നല്ലാവൂ; 39

ബാലകന്മാരെ പ്പീഡിപ്പിക്കാതെയും,
ബാലലീലയാൽ ദ്രോഹമേല്ക്കാതെയും, 40

ചേലെഴുംകാര്യം ബോധിപ്പിച്ചുംകൊണ്ടും
ചാലവേ പരിപാലിച്ചുകൊള്ളണം. 41

ചിത്തവും, കായവും ശരിക്കീവിധം
ചിന്തചെയ്തു വളർത്തുകെന്നാൽ ശുഭം 42

---

Since 1923

# 4 വായു.

(ഗീതകം)

ഭൂലോകം തന്നിൽ നിനച്ചാൽ, മൂന്നാം
ദ്രവ്യം:— ഘനം, ദ്രവം, ബാഷ്പം; 1
വാതകഭേദം കലൎന്നും ചുററും
വാതമദൃശ്യമീ ബാഷ്പം; 2
പ്രാണിരക്ഷാകരൻ വാതം, ജഗൽ–
പ്രാണനിൽ കാണ്മൊരുഭേദം; 3
വാതം–രുചകതവാതം, ജീവ–
വാത, മംഗാരക വാതം, 4
നീരാവിയും മററും ചേൎന്നു, സദാ–
ചാരിയായ് പാരിലേത്തുന്നു; 5
വാതംശ്വസിക്കുന്നനേരം ജീവ–
വാതത്താൽ ജീവിതമാൎന്നു, 6
അംഗാരവാതം പുറത്തുജീവ–
രംഗമോനിശ്വസിക്കുന്നു; 7
സസ്യവൎഗ്ഗമല്ലവാതം പക–
ലുശ്വസിച്ചു വളൎന്നു; 8
സസ്യമംഗാരംഭുജിക്കും, ശേഷം
സംത്യജിക്കും ജീവബാഷ്പം; 9
മന്നിലേവം ജീവിസസ്യമിവ–
യന്യോന്യമാശ്രയിക്കുന്നു; 10
കൎമ്മങ്ങളാം ബന്ധിപ്പിച്ചത്രേ ജഗദ്–
ധൎമ്മം വിളങ്ങുന്നതെങ്ങും. 11



Since 1923

ജീവകൾക്കംഗാരബാഷ്പം വിഷം;
ഭുവിലിതഗ്നിയും ചേൎക്കും; 12

രോഗബീജം കലന്നാലും വാതം
രോഗദമുച്ഛ്വസിക്കൊല്ലാ; 13

പൂൎവ്വവാതം നല്ലതല്ലാ, ധൂളീ-
പൂൎവ്വവുമങ്ങിനെതന്നെ; 14

മററും വിഷവാതമുണ്ടതെല്ലാം
പററുകയില്ലിഹ ചൊല്‌വാൻ; 15

വാരിധീവാതവിശേഷം പരി-
ചാരകൻ രോഗിക്കുമാക്കും; 16

കുന്നിൻപുറത്തു ലാത്തീടും വായു
കുന്നിച്ച സൌഖ്യമുണ്ടാക്കും. 17

ദുഷ്ടവാതം ശ്വാസിക്കാതെ സദാ
ശിഷ്ടരായ് വാഴുവിനാരും. 18

---

## 5. വെള്ളം.

(താമരക്കണ്ണൻ—മട്ട്.)

ജീവനംതന്നെ ജീവികൾക്കെല്ലാം
ജീവനായതു കേവലം; 1

ജീവബാഷ്പവു, മബ്ജനകവും,
ജീവനം തന്റെ കാരണം; 2

സ്വാദുഭേദവും, വൎണ്ണഭേദവും;
ശുദ്ധവെള്ളത്തിനില്ലഹോ! 3

Since 1923

ഇപ്രകൃതിയിൽ ഗാംഗേയം ജലം
നല്പ്പം കുറഞ്ഞവിശുദ്ധമാം; 4

ദേശഭേദഗതംജലം സദാ,
ദേശഭേദഗുണാനുഗം; 5

ശുദ്ധവെള്ളമെടുക്കണം, ശുദ്ധ-
യുക്തമാം ജലവുമാവാം; 6

നല്ലഭൂമിയിലുള്ളതും, നെടും-
കല്ലിൽനിന്നുറവായതും, 7
ചൊല്ലിയന്നനദീജലങ്ങള-
മല്ലലേകുകയില്ലപോൽ; 8

രോഗശാന്തിദമായിടും ചില-
ലോഹലീനസുഖാംബുവെ, 9
ഉക്തിപോലെയെടുത്തിടുന്നതു-
മുത്തമം നിത്യവൃത്തിയിൽ. 10

ശുദ്ധവാരിലഭിച്ചിടാകിലോ
ശുദ്ധിചെയ്യതുമോതിടാം; 11
കാത്തരിപ്പകളാലരിച്ചിഹ
കാച്ചിയെങ്കില ശുദ്ധികരം, 12
പോയിടാമഥ വാററിയെങ്കില-
പായമൊക്കെയൊഴിഞ്ഞിടാം. 13
വാദമററുപയോഗ്യമാം ശുദ്ധ-
വാരിനേടണമേവനും; 14
പേറിടൊല്ല കനത്തവാരിയും,
ഫേനിലമാം ജലത്തെയും, 15
ജന്തുലമായി കണ്ടിടുന്നതും,
ദന്തഗ്രാഹിയും ഉഷ്ണമാം; 16

Since 1923

പാലുനെയ്യെന്നിവയെല്ലാം പററമെല്ലാവൎക്കും;
പററമബദ്ധമെന്നാലതോ മാംസ സാരമത്രേ! 9

നാറിയതും കാറിയതും നിന്ദ്യമെല്ലാംകൊണ്ടും,
നീക്കിടേണം, മൃതിപ്പെട്ടജന്തുമാംസം നിന്ദ്യം; 10

കേടുവന്നുതുടങ്ങിയാൽ കാൎയ്യനിയും നിന്ദ്യം;
കേടുവന്നാഹാരം നീക്കി ശുദ്ധമേററശിക്ക. 11

ചീച്ചുവെച്ചു പുഴകിച്ചു ചീത്തയാക്കിക്കത്തും
പിച്ചയാണാമില്ലരിയും വെച്ചുതിന്നുകൂടാ; 12

ഉത്തമംഘൃതാഢ്യം ഭോജ്യം, മദ്ധ്യമംമാംസാഢ്യം;
അധമംതക്രാഢ്യംഭോജ്യമന്യമോൎത്താൽ മോശം; 13

നെയ്യും തൈരുംമില്ലാതുള്ള ഭോജ്യമേതുംപാൎത്താൽ
പെയ്യും മോദമാക്കമെന്നും ചേൎത്തുകൊാംകയില്ല. 14

പഞ്ചസാരപ്പൊടിയേറെപ്പഞ്ചമററശിച്ചാൽ
നെഞ്ചകത്തു ദുഃഖമതുംനഞ്ചുപോലുയൎത്തും; 15

വീണയായ ശക്കരയും, വീണച്ചക്കരയും
താണതരം, നല്ലതല്ല, നീക്കിവെക്കനല്ലൂ. 16

ഉപ്പുമത്സ്യം മത്സ്യാഹാരകല്പനയിൽ മോശം;
ഉപ്പുമാംസങ്ങളുമേവം മാംസങ്ങളിൽ മോശം; 17

രോഗമുള്ള ജന്തുക്കളെ ബ്ഭോഗശാലിമാരൊ,
വേഗംകൊന്നു തിന്നുമെന്നാൽ രോഗബാധയുണ്ടാം; 18

ഉള്ളിയും മാംസാഹാരംപോലുള്ളതാണെന്നാലും
കള്ളമററരസായന ദ്രവ്യമെന്നുമോതാം. 19

പാരിലാൎക്കും മൂന്നുനേരം പോരും നല്ലാഹാരം,
പാനീയങ്ങളിടക്കാവാം, ദാഹമുള്ളപക്ഷം. 20

തിന്നതു ദഹിച്ചല്ലാതെ തിന്നുകൂടെന്നതും,
ചെന്നതുദഹിച്ചാൽ വീണ്ടും ചെല്ലണമെന്നതും, 21

Since 1923

നാറിടുന്നതും ചേറെഴുംനിലം
ചേറിടുന്നതുമേവമാം. 17

വൃത്തിയുള്ളതെടുക്കണം ശുഭ-
വൃത്തരായിവരെന്തിനും. 18

---

## 6. ആഹാരം.

(കൊറത്തി)

ജന്മനാഹാരസാരത്താൽ ജന്തുവിന്നുകായം
നന്മയിലുണ്ടാവതെന്നു നമ്മളോർത്തീടേണം; 1

നല്ല നല്ലാഹരത്താലോ നൽശരീരമുണ്ടാം,
നല്ലവർണ്ണമാരോഗ്യവും, ബുദ്ധിയും വിലസും, 2

ആയതുകൊണ്ടെല്ലാവരും സാത്വികത്വമേലാൻ,
മായമററപുഷ്പസസ്യാഹാരിയാകനല്ലൂ; 3

നൽഫലം, നൽപഴമാക്കും നല്ലതെല്ലാംകൊണ്ടും;
കെല്പെഴും പ്രസന്നാശയമുത്ഭവിക്കുമല്ലോ! 4

നെല്ലിനേക്കാൾ ഗുണമേറും ചോളവും, വരകും,
ചൊല്ലിയന്നകോതമ്പവും രായിപ്പുല്ലുമത്രു; 5

കമ്പവും, തിനയുംനന്നു വമ്പെഴുംയവവും
കമ്പമററാഹാരമാക്കാം നെല്ലരിയുമാവാം. 6

കായപൂവില കിഴങ്ങിൽ കാസ്സുളല്ലോഭേദം,
കായതാൻപഴമായ് തീർന്നാലായതേററം ഭേദം. 7

രാജസഗുണപ്രധാനം മാംസമെന്നറിക,
താമസവുമാവാമതു, സാരഭോജ്യമല്ല. 8

Since 1923

നിശ്ചയങ്ങളിവയാരും നീതിയോടും ചേർത്താൽ
നിത്യമാരോഗ്യസൌഖ്യത്തോടൊത്തിരിക്കാമല്ലോ! 22
അത്യനല്പമശീപ്പതിങ്ങത്യനർത്ഥമേകും,
കൃത്യമററശിപ്പതുംതൻ നിത്യസൌഖ്യം നീക്കും; 23
അല്പഭുക്തനുമനർത്ഥം കെല്പിനോടുമുണ്ടാം;
അല്പഹീനമനർത്ഥദം ഹാ! വിരുദ്ധാഹാരം; 24
ദോഷരാശി വിഷാഹാരം ദുഷ്ട ദുഷ്ടമല്ലോ!
ദോഷമററശിക്ക, ശാസ്ത്രഭാഷണമോർത്താരും. 25
ആമയംപോക്കുവാനായിട്ടാതുരന്മാർ പത്ഥ്യം
ആചരിക്കേണ, മാഹാരരീതിയേവമല്ലോ! 26

---

## 7. വിഹാരം.

(കല്യാണി കളവാണി—മട്ട്)

ആഹാരമെന്നപോലെതന്നെ കരുതീടേണ–
മാരുംവിഹാരമെന്നതേതുകൊണ്ടും; 1
കായികശക്തികളെക്കാത്തും വളർത്തുംപോരും
കായികാഭ്യാസമാക്കു മത്യാവശ്യം; 2
ആയതെങ്കിലും വൃദ്ധൻ രോഗിയെന്നിവരാരും
ആയവണ്ണവും പാർത്താലെടുത്തുകൂടാ; 3
അദ്ധ്വ്യായമമെങ്ങും സ്വസ്ഥന്മാർക്കേറ്റീടാം;
ആധിക്യം പയററിൻെറയുക്തിക്കാമാം; 4
പണ്ടിതു കളരിക്കാർ കച്ചകെട്ടിയും മററും
വേണ്ടമട്ടതിരമ്യം പുലർത്തിവന്നു; 5

Since 1923

ആയതില്ലാതാകമൂലമായാസം ചീർത്ത്യായി-
പ്പോയതുനിരൂപിച്ചാൽ വ്യസനമുണ്ടാം; 6

ഹാ! കളരിപ്രയോഗങ്ങൾ ഗ്രഹിക്കുന്ന കാലത്തിങ്കൽ
കമ്പമററപയിററുകളനേകം ചൊല്ലാം; 7

കയ്യടി പിടിത്ത കുന്തക്കുത്തുകളൊഴിച്ചിലും,
കോലടി, വെട്ടും തടയുമേവമല്ലോ! 8

നാരിമാർ നരന്മാരും വ്യായാമകലകളായി,
നാട്യവും, നൃത്തങ്ങളും പഠിച്ചിരുന്നു; 9

പാടിക്കയ്യടിയും, തമ്മിൽ പന്തടിയും, മമ്മാനക്കാ-
യാടലും, കോൽക്കളികളും, നീന്തലും പിന്നെ, 10

തോട്ടം പിടുത്തം, കാറവെട്ടും, കന്ദുകക്കളി,
തോണിതുഴയുമേവം പലതും പണ്ടേ. 11

ലോകമെററഴും കർമ്മസാമർത്ഥ്യം, വിശപ്പ്,ംഗ-
ലാഘവം, വെറുംമേദസ്സൊഴിച്ചിലെല്ലാം; 12

പാടേചേരുവാനായാക്കും പോരുമീവിഹാരങ്ങൾ;
പാരിലീവകചേർപ്പുപരിചിൽ സൌഖ്യം. 13

അത്യന്തമാം വിഹാരത്താൽ കാസവും, വമനവും,
പ്രത്യഹം പനിയും വന്നീടാമെന്നോക്ക്. 14

ദാഹവും, വിശപ്പും തന്റെ ദേഹസാദവുമേറെ
ദോഷമാണഹോ! സഹിച്ചധികമാന്നാൻ; 15

വാക്കേറെപ്പറകയും, വല്ലാതെ നടക്കയും,
നോക്കുകിലരുതെല്ലാംമിതമേനല്ല. 16

Since 1923

# 8. ഉറക്കം.

(ഗീതകം)

കർമ്മമേറെ നടത്തിയാൽപിന്നെ
കർമ്മികൾക്കിങ്ങുറങ്ങണം, 1

ധർമ്മമീവിധമാകുന്നീലോക-
മർമ്മമാരെന്തറിയുന്നു! 2

ദുഃഖവും ദോഷകോപവുംമാററി-
സ്സൌഖ്യമേകുന്നുറക്കം താൻ; 3

മാനസമപ്പോൾ സ്വപ്നമാകുന്ന
മാനമേറുമവസ്ഥയിൽ, 4

താനിരുന്നൊരു സൃഷ്ടിചെയ്കയും
താനെതന്നെ മറകയും, 5

ചെയ്യും; മായികാജാഗ്രല്ലോകത്തെ
ചെയ്യും, സ്വപ്നം മറച്ചിടും 6

ജാഗ്രല്ലോകവും, സ്വപ്നലോകവും
മാറി മാറി ഭുജിക്കണം; 7

ഒന്നുമേറിയാൽ നല്ലതല്ലെന്നു
ചൊന്നീടുന്നു ഭിഷഗ്വരർ. 8

ജ്ഞാനിമാരറിഞ്ഞീടുന്നീ മാർഗ്ഗം
ജ്ഞാനലോകം പ്രശാന്തിയാം; 9

വൻസുഷുപ്തിയതല്ല, തേജസ്സാൽ
ഭാസുരമായ ശാന്തിയാം. 10

രണ്ടുയാമമുറങ്ങിയാൽമതി,
രോഗമില്ലാത്ത മാനുഷൻ; 11

Since 1923

യാമം രണ്ടര പോരുമേവക്കും,
ക്ഷേമമാന്നിങ്ങുറങ്ങുവാൻ. 12

ദോഷമാം പകലുള്ളുറക്കവും,
ദോഷമാം ദിഷ്ടസുപ്തിയും; 13

കായമിങ്ങുവളച്ചുറങ്ങുക
മായമല്ലതും ദോഷമാം. 14

---

## 9. ശുദ്ധി.

(ഗ്രണാഗമരും—മട്ട്)

ശുചിവേണമേവക്കും പൈതങ്ങളെ,
ശുചിനല്കുമാരോഗ്യം സവ്വസാരം; 1

ശുചിനല്കും സൌഭാഗ്യമെല്ലാവക്കും,
ശുചിനല്കാത്തില്ലൊരു ഭാവുകവും; 2

ശുചി ചിത്തത്തിന്നും, തൻവാക്കുകൾക്കും,
ശുചിദേഹത്തിന്നും, സ്വവസ്ത്രത്തിന്നും, 3

ശുചിവേണമാഹാരപാനങ്ങൾക്കും,
ശുചി ദേഹത്തിന്നും വരുത്തീടേണം; 4

ഒരുപോലെയെല്ലാം ശുചിയായ്തീന്നാൽ
ഒരുനാളും ദുഃഖം തൊടുന്നതല്ല; 5

മനതളിരിൽ പാപമശുദ്ധിചേക്കും,
ജനമിതിനെവിട്ടേ, വിശുദ്ധിനേടൂ; 6

കൃതിവരരക്കാര്യത്തിൽ ശ്രദ്ധവെച്ചു,
പ്രതിനിമിഷം ചേക്കുന്നു ചാരുധമ്മം. 7

Since 1923

കരടുതിനീക്കാം, ജലധാരയാലോ
കരടുമുഷ്ണവും, കളയാമേ! 21

ദഹനക്കേടുകൾ കുറയുവാനിഞ്ചി–
ക്കഷണങ്ങൾ തിന്നാൽ മതിയാകും; 22

തലചുററമാറാനുടനെവീശണം,
മുഖതാരും നന്നായ് കഴുകേണം; 23

പലതുണ്ടീവിധം പറയുവാനവ
പിറകേ ചൊല്ലീടാം വഴിപോലെ. 24

---

## 19. സദാചാരം.

(കാണപ്പാട്ടു്)

മര്യാദകൂടാതെ ജീവിക്കുന്ന
മാനുഷൻ മാനുഷനല്ല നൂനം; 1

ലോകാനുകൂലമാം കർമ്മമെല്ലാം
നാകാനുകൂലമാംമര്യാദയാം; 2

ദിക്പാലവർഗ്ഗവും, ദേവർഷിയും,
ദേവരും, ദൈത്യരുമെല്ലാവരും, 3

കർമ്മഗുണംപോലെ വാഴുന്നതു;
കർമ്മത്തിൻ കായ്കനിയാരുമുണ്ണൂ! 4

ലോകം പരിഷ്കരിച്ചീടുന്നതും,
ലോകംകെടുപ്പതുംമർത്ത്യനല്ലോ! 5

രാക്ഷസരിൽവെച്ച രാക്ഷസനും,
പൈശാചികലോകപ്പേപ്പിശാചും, 6

Since 1923

ദുർജ്ജനമാകുന്നുവെന്ന വാകും
ദുർഭാഷണമല്ല, സത്യമത്രേ! 7

ആയതുകൊണ്ടു മനുഷ്യരെല്ലാ-
മായവണ്ണംലോകം നന്നാക്കണം; 8

നല്ലവർചൊല്ലുന്നവാക്കുപോലെ,
കല്യാണമേകി നടക്കവേണം; 9

മാതാപിതാക്കന്മാർ, രക്ഷിതാക്കൾ,
മാഹാത്മ്യമേറും ഗുരുജനങ്ങൾ, 10

മററും മഹാശയന്മാരശേഷം,
കുററം പറയും ഗുണംവരുവാൻ. 11

മൂത്തവർവാക്കുമാനെല്ലിക്കായും,
മുന്നം കയ്ക്കും, മധുരിക്കുംപിന്നെ; 12

വിജ്ഞാനിമാരുടെ പാദസേവ-
യജ്ഞാനം നീക്കുവാനേററം നല്ലു; 13

പാലിച്ചുപോരും ജനാജ്ഞകളും
പാലിച്ചുകൊള്ളാതിരുന്നുകൂടാ; 14

വന്ദ്യരെ വന്ദിച്ചുകൊൾകവേണം,
നിന്ദ്യരെ നിന്ദിച്ചിടായ്ക നല്ലു; 15

ഏകനായെല്ലാം വരിച്ചുകൊൾവാ-
നാകയില്ലീലോകമത്രനോർത്താൽ, 16

ആകയാൽമിത്രങ്ങളാക്കുംവേണ-
മാകുലമററു സുഖിച്ചുകൊൾവാൻ; 17

മിത്രങ്ങളായിവരിക്കുന്നവ-
രെത്രയും നല്ലവരായിടേണം; 18

ദുർജ്ജനത്തോടുള്ള ബന്ധംമൂലം
ദുർഘടമുണ്ടാകുമാർക്കുമല്ലോ! 19

Since 1923

ബന്ധുക്കളോടുമുഷിഞ്ഞിടാതെ,
സന്തതംസന്മൈത്രി രക്ഷിക്കേണം; 20
മദ്യപന്മാരാണലസരേക്കാ-
ളുദ്യമമെല്ലാം നശിപ്പിപ്പവർ; 21
മദ്യം വിഷം, നാശം, ഭ്രാന്തിളക്കം;
വിദ്യാവിവേകവും പിന്നെയുണ്ടോ? 22
കള്ളും, റാക്കും, ബ്രാണ്ടി, ബിസ്കീകളും,
കൊള്ളരുതീവക തൊട്ടുകൂടാ; 23
വീടിപൊടിയും, ചുരുട്ടുമെല്ലാ-
മാടലുണ്ടാക്കുന്നതെന്നറിക; 24
ചായയും, കാപ്പിയും, കൂടിയേറെ;-
ശ്ശീലിച്ചുപോയാലസുഖമേകാം. 25

പാശ്ചാത്യാഹാരവും, മോടികളും
പൌരസ്ത്യന്മാർക്കുവേണ്ടതില്ല; 26
ഏറെത്തണുപ്പിൽ പുലർന്നമോടി
പാരം വെയിലുള്ളേടം പററിടാമോ? 27
ആസ്തിക്യവിശ്വാസമില്ലെന്നാകി-
ലാനന്ദമുണ്ടാകയില്ല നൂനം; 28
ആത്മവിശ്വാസത്തിലാസ്തിക്യവു-
മാനന്ദവും കാൺകിൽ കണ്ടകാര്യം; 29
മാനസശാന്തി വരുത്തിവെച്ചാൽ
മർത്ത്യനമർത്ത്യനായ് തീർന്നുവത്രേ! 30
സത്യം മനസ്സിലും കർമ്മത്തിലും,
സത്യത്തെ വാക്കിലും പാലിക്കേണം; 31
കാരുണ്യം വേണമെറുമ്പിൽക്കൂടി,
കർമ്മമല്ലായ്കിലശുദ്ധമല്ലോ! 32

Since 1923

കട്ടുകൂടാ, കള്ളം ചൊല്ലിക്കൂടാ,
കാതലാം സദ്ഗതി വിട്ടുകൂടാ; 33
തൻനില പാർത്തറിഞ്ഞെല്ലായ്പോഴും,
തായം പിഴക്കാതെ വർത്തിക്കേണം. 34
സംശയമുള്ളൊരു കാര്യം വന്നാൽ
സജ്ജനമുഖ്യരെപ്പാർത്തുചെയ്ക; 35
ആചാര്യന്മാരെയനുകരിച്ചാ-
ലാനന്ദം നേടാം പ്രസിദ്ധമല്ലോ! 36

---

## 20. ദഹനക്രമം

(മേരു മേരു വെന്നുള്ള—എന്നമട്ട്)

നാം കഴിച്ചിരിക്കേണ്ടും ഭക്ഷണം നല്ലപോലെ
നാം കടിച്ചിറക്കേണ മെന്നേ നല്ലൂ; 1
ആഹാരനാളം തന്നിൽ കൂടിപ്പോയാഹാരങ്ങൾ
ആമാശയത്തിലെത്തിച്ചലിക്കുമല്ലോ! 2
അന്നേരം പിത്തരസം ക്ലോമവും കൂടിച്ചേർന്നു,
നന്നായിപ്പചിക്കുവാൻ കുഴഞ്ഞുണങ്ങും; 3
ആഹാരസാരം രസധാതുവായ്പിരിഞ്ഞതായ-
താകാരമെങ്ങും പാഞ്ഞുരക്തമാകും; 4
രക്തത്തിൽനിന്നുമാംസം, മേദസ്സു,മെലിമ്പവും,
മജ്ജ, ശുക്ലവുമേവം പരിണമിക്കും; 5
ധാതുക്കളനുക്രമം പുഷ്ടിച്ചും, മാറിയും കായാ-
ധാരശക്തിയെ നിർത്തിപ്പുലർത്തീടുന്നു; 6

Since 1923

സ്നേഹദ്രവ്യങ്ങളിത്ഥം പചിച്ചുപോകാതെമാറി-
പ്പക്വാശയത്തിൽക്കൂടി ഗമിക്കുംനേരം, 7

ലോമകമിതുകളെ ഗ്രഹിച്ചു പിത്തകോപത്തെ-
ക്കെടുത്തി വാതവും ചെറുതു ശമിപ്പിക്കുന്നു; 8

ഓജാംശമിപ്രകാരം പചിച്ചുപോയതിൻശേഷം
ഓരോന്നായ് മലമൂത്രമൊഴിഞ്ഞീടുന്നു; 9

ഓരോധാതുവിൽനിന്നു മോരോരോമലങ്ങളി-
ങ്ങോരോധാതുവും പചിച്ചീടവേ പോരും; 10

രോമകൂപം വമിക്കും ജലവും, മലവുമെല്ലാം
നാമറിഞ്ഞീടവേണം ധാതുവിൻ കിട്ടം. 11

വാരം വാരം കഴിക്കും നേരം തെറ്റുവരുത്താതെ
സാരം ഭക്ഷണം ചേർക്കിലതീവാരോഗ്യം; 12

അത്യാഹാരമത്യന്തം വിരുദ്ധാഹാരമീവണ്ണം,
പ്രത്യഹമനാഹാരം വിവർജ്ജിക്കേണം; 13

ആഹാരം ദഹിച്ചെന്നാലാഹാരത്തെ കഴിക്കേണം
ദേഹാരോഗ്യമെന്നാലെ ഭവിക്കയുള്ളു. 14

---

## 21. രക്തപരിവാഹം.

(ഓട്ടൻ)

രുധിരഗതിക്കുതകും ധമനീഗണ-
മധികം തൂമയിലുണ്ടെന്നാലും, 1

നീലിനിയെന്നും, രോഹിണിയെന്നും,
ചേലൊടു രണ്ടു വിഭാഗംചെയ്യാം; 2

Since 1923

നീലിനി നീലനിണം ഹൃദയത്തിൽ
നിർമ്മലമാക്കുന്നതിന്നു കൊട്ടുക്കും; 3

നിർമ്മലരക്തം രോഹിണി പിന്നെ
നന്മയിലെണ്ടും കൊണ്ടുനടക്കും; 4

മാംസാദികളിലെഴുന്നൊരശുദ്ധികൾ
മാററീടുന്നൊരു വേലനടത്തും, 5

ധാതുമലത്തെ വഹിച്ചുചുവന്നൊരു
ചാതുര്യത്തെ ത്താനെകളയും, 6

നീലനിറം പൂണ്ടിട്ടും വീണ്ടും,
നീലിനിയുടെ മടങ്ങിച്ചേരും; 7

ശ്വാസോച്ഛ്വാസം ചെയ്യുംനേരം
ശുദ്ധീകൃതമാം വീണ്ടും രക്തം; 8

കട്ടെന്നുള്ളതിലേക്കിതിൽനില്ലൊരു
കിട്ടവിഭാഗംചെന്നു പതിക്കും; 9

പരിവൃത്തികളായിവിധം നിത്യം
പരിചൊടുചെയ്തുവരുന്നതുമൂലം, 10

ജീവിതശക്തി ലസിക്കുന്നിജ്ജന-
മാവതുപോലെ ധരിച്ചീടുന്നു; 11

രോഹിണി ധമനികളടിയിലിരിപ്പവ
നീലിനിമേലെ കണ്മതുമല്ലോ! 12

നീലിനികൊണ്ടുവരുന്നംഗാരക-
മാലിന്യത്തെത്തന്നിലെടുത്തു, 13

ജീവിശ്വസിക്കും ജീവകവാതം
കേവലമംഗാരാത്മകമായി, 14

ചാലേതന്നെ പുറത്തുംവരുംകഥ
യാലോചിച്ചാൽ ചിത്രംതന്നെ; 15

Since 1923

വാതകമായിവരാത്ത നിണച്ചെളി
സ്വേദമലത്തിലുമേറെപ്പോകും; 16
കട്ടായ്തീർന്ന വിഭാഗത്തിൽനി-
ന്നൊട്ടൊട്ടായാമാശയമേറും; 17
ദഹനക്രിയയിലിതിന്റെ സഹായം
മഹനീയം താനെന്നറിയേണം; 18
മററും പലപല വൃത്തികളുണ്ടവ
പററില്ലിങ്ങു കഥിച്ചാലേറും. 19

---

## 22. ആരോഗ്യം.

(ഒരു കുമ്മി)

ആയുസ്സിൻ ദൈർഘ്യം കൊതിച്ചിടാതെ
ആരുമുലകിലിരിപ്പതുണ്ടോ?
ആരോഗ്യമുള്ളവർക്കായുസ്സുണ്ടായ്‌വരു-
മായതിബ്ബാലകരെന്തറിഞ്ഞു?—ഓപ്പി-
നായതിബ്ബാലകരെന്തറിഞ്ഞു? 1

ആഹാരം നല്ല വിഹാരമതും,
ആത്മവിചാരവും, സൽക്കർമ്മവും,
ആനന്ദവാണിയുമാരോഗ്യമുണ്ടാക്കും
ആത്മസന്തുഷ്ടിയും, ദീർഘായുസ്സും—ഓപ്പി-
നാത്മസന്തുഷ്ടിയും, ദീർഘായുസ്സും 2

Since 1923

കക്കൊല്ലാ, കള്ളകുടിച്ചിടൊല്ലാ,
കള്ളംപറയൊല്ലാ, കോപിക്കൊല്ലാ,
ദുഷ്ടമാം കാമവും, ഹിംസയും നീക്കണം
ദോഷംകൂടാതെ വസിക്കാമെന്നാ—ലോപ്പിൻ,
ദോഷംകൂടാതെ വസിക്കാമെന്നാൽ. 3

ആസ്തിക്യബുദ്ധികളഞ്ഞീടൊല്ലാ;
ആനന്ദമുണ്ടാക്കമായതാക്കും,
ആരോഗ്യരക്ഷയ്ക്കുള്ളധാരവുമതാം,
ആയുസ്സിന്നാധാരവുമതത്രേ—ഓപ്പി-
നായുസ്സിന്നാധാരവുമതത്രേ. 4

ഇതിപൂർവ്വവിഭാഗം.

---

Since 1923

# അധഃകായവിഭാഗം.

## ജ്വരചികിത്സ.

(കുറത്തി)

സർവ്വരോഗങ്ങളിൽവെച്ചു
സാരനാകയാലെ,
സാരമാം ജ്വരചികിത്സ
സംക്ഷേപിക്കാമാദ്യം; 1

ആദിയിങ്കൽ പനിയുള്ളോർ,
പട്ടിണി ചെയ്യേണം;
ചുക്കുവെള്ളം വേണ്ടിവന്നാൽ
പട്ടിണിയിൽനല്ലൂം. 2

ചുക്കിരട്ടിക്കൊത്തംമല്ലി,
ചേർത്തുവെന്തകഞ്ഞി;
നല്ലതുപനിക്കാർപിന്നെ–
ത്താൻക്കഴിക്കവേണ്ടു. 3

വിശ്വംചെറുവഴുതിന,
ദേവതാരം, മല്ലി,
വെറുംവഴുതിനയും ചേർത്തു
ക്വാഥമേകാമാദ്യം. 4

വാതജത്തിൽചുക്കു, മുസ്ത,
ചിററമൃതു, ദൂർവ്വ;
പിത്തജത്തിൽ ചുണ്ട, മുസ്ത,
പർപ്പടകം, ദൂർവ്വ., 5

കഫജത്തിൽ ചുക്ക, ഇവ്വ,
മുസ്ത, ചെറവൃഷ;
കഷായമാക്കിജ്വരങ്ങളിൽ
വല്ലീടേണമല്ലോ! 6

നല്ലമൃതും, ചുക്കും വനം
തിപ്പലിതൻവേരും,
ചേർന്നകഷായം വാതജ്വരം
തീർത്തുകൊൾവാൻ പോരും; 7

വാതപിത്തജ്വരത്തിങ്കൽ
പർപ്പടമമൃതം,
മുസ്ത, ചുക്ക, ചുണ്ടചേർത്തു
കഷായമേകീടേണം. 8

പർപ്പടകകഷായമേകം
പിത്തജത്തെവെല്ലും;
ചന്ദനം രാമറം ചുക്കും
ചേർക്കിലോതാനുണ്ടോ? 9

ചിററമൃതം പർപ്പടകം
നൽശിവയും ചേർന്ന
കഷായംകണ്ടാൽ പിത്തജ്വരം
കാട്ട തെണ്ടിപ്പായും. 10

രാമറം, ചുക്കിരുവേലി,
പർപ്പടകം. മുസ്ത,
ചന്ദനമീ കഷായത്തിൻ–
പാനം ജ്വരം നീക്കും. 11

Since 1923

രക്തചന്ദനം നിംബത്തിൻ-
പട്ട, പതിമുഖം,
മല്ലി, ചിററമൃതം ക്വാഥം
പിത്ത കഫംപോക്കും; 12

അഗ്നിമാന്ദ്യം, ഛർദ്ദി, ദാഹ-
മേവമെല്ലാം നീക്കും.
രക്തപിത്തജ്വരത്തിങ്കൽ
രോഹിണി, വിടയം, 13

ചുണ്ട, ദുർവ്വാവൃഷാ,രേണു
ക്വാഥത്തിൽ സിതയെ
ചേർത്തുകൊണ്ടുനൽകിയെന്നാൽ
തീർക്കും തൃട്ദാഹവും. 14

ശീതമായമല്ലീവെള്ളം
പഞ്ചസാരയോടും,
ചേർത്തശിച്ചാലന്തർദാഹം
തീർന്നുപോകുമല്ലോ. 15

കർപ്പൂരം, വരട്ടുമഞ്ഞളും,
നൻമുളകും ചേർത്തു
ചൂർണ്ണമാക്കിനെറുകയിൽ
തേച്ചിടാം പനിയിൽ; 16

ചന്ദനമോ നെല്ലിക്കയോ
സ്തന്യം ചേർത്തരച്ചു,
കർപ്പൂരവും ചേർത്തുകൊണ്ടു
ചെന്നിനോവിനിടാം. 17

Since 1923

## നീലീമൂലാദി ഗുളിക.

(ഗാഥ)

നീലമരിവേരും, തിപ്പലിയും, കടു–
രോഹിണിയും സമമായെടുത്തു, 1
നീലമരിയിലച്ചാററിലൊരുദിനം
നന്നായരച്ചൊരുകുന്നിമാത്രം, 2
മാത്രചമച്ചിതു പൂവ്വാകുറുന്തല–
ച്ചാററിൽ സേവച്ചാൽ പനി ശമിക്കും. 3

## കുളിക്കേണ്ടും അവസരം.

(കുറത്തി)

ഏതൊരു പനിയും മാറി–
ദ്ദീപനം വളൎന്നു,
ക്ഷീണവും കുറഞ്ഞെന്നാലേ
സ്നാനം ചെയ്തീടാവൂ. 1

---

## 2. സന്നിചികിത്സ.

(കുറത്തി)

എണ്ണനാഴി കരിനൊച്ചി
നീരു രണ്ടുനാഴി,
നീററിൽമുട്ട, കോഴിമുട്ട,
പൂഴിനാഗമെല്ലാം; 1

Since 1923

ചേർത്തു നാലുകഴിഞ്ഞതിൽ
കല്ക്കമാക്കിക്കാച്ചി,
സന്നിയിങ്കൽ നവദ്വാര–
ത്തിങ്കലും തേച്ചീടിൽ, 2

സന്നിയോടിയൊളിച്ചീടും
തർക്കമില്ലിതിന്നു;
ചുണ്ണാമ്പോടുനവതാരം
ചേർത്തിടുമ്പൊഴുണ്ടാം, 3

ബാഷ്പമൊന്നു മൂക്കിൽ ചെന്നാൽ
സന്നിയുണർന്നീടും.
ചുക്കു രണ്ടുകഴഞ്ചാമൃ–
താറുകഴഞ്ചാക്കാം, 4

നാൽക്കഴഞ്ചു ശിവയുമായ്
വെന്തതാം കഷായം,
ശോധനയുണ്ടാകും മൂന്നു
ദോഷജവും മാറും. 5

രോഹിണിയും, കിരിയാത്ത,
താന്നും പർപ്പടകം,
ചിററമൃതും, ചോന്നരത്ത,
തിപ്പലി, പുഷ്കരം, 6

ബ്രഹ്മി, ചെറുവഴുതിന,
ദ്ദേവതാരം, ദൂർവ്വ,
ചെറുതേക്കു, കടുക്കയ്യും,
ചേർത്തുവെന്തകഷായം, 7

സന്നിപാതമൊഴിച്ചീടും
തണ്ണീർ ദാഹംമാറും,
എന്നുവേണ്ടാ, ദിവാസ്വപ്നം
കൂടിച്ചെമ്മെനശിക്കും. 8

Since 1923

## മുക്കാമുക്കട്ടുകാദി ഗുളിക.

(ഗാഥ)

മുക്കയും, മുക്കട്ട, ജീരകയുഗമവു–
മുഗ്രയും, ജാതിക്ക, കർപ്പൂരവും, 1

കിയ്യാത്തു,മിന്തുപ്പും, ചെന്നീനായകവും
തക്കോല, മുള്ളി, കരയാംപുവ്വും, 2

കൊട്ട,മിലവർങ്ഗം, കായ,മയമോദം
ഉലും കരിനൊച്ചിച്ചാററിൽദിനം, 3

വേവിച്ചുഗുഞ്ജപ്രമാണം കോഷ്ണാംബുവിൽ
സേവിച്ചാൽ ശാന്തമാം സന്നിദൂനം. 4

---

## 3. രക്തപിത്തചികിത്സ.

(ചിന്നിലാവെത്തി—മട്ട്)

ഊർദ്ധ്വഗമായ രക്തപിത്തത്തിൽ
കൊന്നവേർത്തൊലി പഥ്യയും, 1

കുംഭകത്തെയും ചേർത്തുവെന്തപ–
യസ്സോടും സിതതേനുമായ്, 2

ചേർത്തുകൊണ്ടു കൊടുക്കിലോ
വിരേചിച്ചിടും, രക്തപിത്തമോ, 3

ശാന്തമായിടുമക്കരശ്മിയി–
ലാന്ധ്യമെന്നകണക്കിനെ– 4

Since 1923

ചേൎത്തുകൊണ്ടു കഴിക്കുകിലുടൻ
രക്തപിത്തമൊഴിഞ്ഞിടും. 16

പ്ലാശിന്റെ തൊലി വേവിച്ചിട്ടു
വെണ്ണചേൎത്തു കൊടുക്കിലും, 17

നെയ്സമേതമശിക്കിലുമുടൻ
രക്തപിത്തമകന്നിടും; 18

പാലിലാഞ്ഞെഴമൊട്ടരച്ചു
കഴിച്ചുകൊള്ളുകിലും ക്ഷണം, 19

രക്തപിത്തമൊഴിഞ്ഞുപോമിതി–
നില്ലവാദമശേഷവും. 20

---

# 4. അസൃഗ്ദരാദി ചികിത്സ.

നല്ലൊരഞ്ജനചൂൎണ്ണവും,
ചെറുചീരതന്നുടെ മൂലവും, 1

തണ്ഡുലാംബുവൊടൊത്തുപേഷിച്ചു
തേനുമൊത്തുകഴിക്കുകിൽ, 2

നാരിമാൎക്കു വരുന്ന സൃഗ്ദര–
രോഗമാകെയൊഴിഞ്ഞിടും. 3

തെങ്ങിൻപൂക്കുലച്ചാറൊടും സിത
ചേൎത്തുകൊണ്ടു കഴിക്കിലും, 4

തണ്ടാർകേസരം പഞ്ചസാരയും
വെണ്ണയും ചേൎത്തശിക്കിലും, 5

Since1923

കുങ്കമപ്പൂവരച്ചു പൈമ്പാലിൽ
സേവിച്ചീടുന്നുവെങ്കിലും, 5
വിഷ്ണുക്രാന്തിയരച്ചു പൈമ്പാലിൽ
സേവിച്ചീടുന്നുവെങ്കിലും, 6
പൂളതൻതിരുളിവിധംതന്നെ
സേവിച്ചീടുന്നുവെങ്കിലും, 7
ഊൎദ്ധ്വഗമായ രക്തപിത്തമൊ-
ഴിഞ്ഞുപോയിടും നിശ്ചയം. 8

പേരാൽമൊട്ടൊട്ടുമാടലോടക-
വേരുമൊത്ത കഷായകം, 9
പാലുചേൎത്തുകുറുക്കിനൽസിത-
ചേൎത്തുകൊണ്ടു കഴിക്കുകിൽ, 10
രക്തപിത്ത, മസൃഗ്ദരം, വിഷ-
മജ്വരം ശമനംവരും. 11

## കീഴ്പെട്ടുള്ള രക്തപിത്തത്തിനു

ഹ്രസ്വമാകിനപഞ്ചമൂലമ-
ഭീരുവും, ബലയും സമം, 12
വെന്തനീർ പശുവിൻ പയസ്സുമൊ-
ഴിച്ചുവെന്തുസിതായുതം, 13
നൽകിയാലധോഗാമിയാകിന
രക്തപിത്തമൊഴിഞ്ഞിടും. 14

## ഉപദേശങ്ങൾ.

ആടലോടകത്തിന്നിലയര-
ച്ചിട്ടെടുത്തതു വെണ്ണയും, 15

Since 1923

രക്തംപോക്കടനോട്ടമെന്നതി–
നില്ലസംശയമേതുമേ. 6

ആടലോടകപത്രവും, മര–
മഞ്ഞൾതൻതൊലിയും സമം, 7

ചേർത്തുവെന്തകഷായമായതിൽ
തേനൊഴിച്ചു കഴിക്കുകിൽ, 8

സോമരോഗമശേഷമോടിടും
രക്തവാർച്ചയുമോടിടും. 9

ചുക്കും, മുസ്തയും, പൊന്നാങ്ങാണിയും,
മൂവിലാ, കടലാടിയും, 10

ഭൂമിതാലവും, നന്നാറിതാനും,
ചേർത്തുവെന്ത പൈംപാലിനെ, 11

സേവിച്ചീടുകിൽ സോമരോഗങ്ങ–
ളോട്ടമെല്ലാമസംശയം. 12

---

## 5. കാസശ്വാസഹിധ്മാദി ചികിത്സ.

(കരയേണ്ടരാധേ! നീ—മട്ട്)

### ദശമൂലകടുത്രയാദി കഷായം.

ദശമൂലവും, കടുത്രയവും, വൃഷയുമേ
സമമാൻവെന്തു തേൻ ചേർത്തശിച്ചാൽ, 1

ചുമ പനി വായ്മുട്ടു, മുകമെഴുന്നാലൊവു–
മേവനുണ്ടെന്നാകിലും പോകും നൂനം. 2

## ബലാജീരകാദി കഷായം

ബലജീരകം വില്വമബ്ജം വൃഷാമൂലം,
മലരിക്ഷുമൂവില, ദാരു, വില്വം, 3
സമമാൻവെന്തകഷായം കുടിക്കകി-
ലവനില്ല കാസശ്വാസാദിദുഃഖം. 4

ചെറുവഴുതിനയും, ചെറിയാടലോടവും,
ചെറുകുളം, പൊന്നാരിവീരവുമേ, 5
കടകൊണ്ടു വെന്തകഷായം കുടിക്കകി-
ലെവിടെനില്ക്കുംപിന്നെ ക്കാസശ്വാസം. 6

തഴുതാമയും, ബല, ചവ്യം, സ്ഥിര, കണ-
യടപൊതിയൻമൂലം, ഗോക്ഷുരവും, 7
സമമാൻവെന്ത കഷായത്തിൽ ജീരക-
പ്പൊടി ചേർത്തശിച്ചാൽ ക്ഷയം ശമിക്കും. 8

വൃഷവേരും, ജീരകംതാനും സമംവെന്ത
ജലമതു കാസശ്വാസത്തെ നീക്കും; 9
നലമൊടു ധാന്വന്തരം ഗുളികപിന്നെ-
യനുപാനമായ് ചേർത്താൽ ചൊല്ലാനുണ്ടോ? 10

(മട്ടുമാറി)

കലിമരക്കായ ച്ചവച്ചിറക്കിയെന്നാ-
ലവനില്ലെന്നായീടും കാസശ്വാസം. 1
പശുവിൻപാൽ മുസ്തയെ ചേർത്തുവെന്തായതു
നിശയിലശിച്ചുകിടപ്പവർക്കും, 2
അജപയസ്സാറാതെതന്നെ കുടിപ്പോർക്കും,
ക്ഷയമെന്നരോഗം വരികയില്ല. 3

Since 1923

മരമുഞ്ഞ, ദയരണ്ഡം, ഭാർഗ്ങി, കൊട്ടം, ശുണ്ഠി,
ചെറുതേക്കും, നൽക്കുറുന്തോട്ടിവേരും, 4

സമമാൻവെന്ത കഷായം കുടിക്കുകിൽ
ക്ഷയമോട്ട,മെക്കിളും മാറിപ്പോകും. 5

അസിതക്കുറുഞ്ഞിവേർവെന്ത കഷായത്തി–
ലസിതമാം ജീരകം ചേർത്തശിച്ചാൽ, 6

ബലമേറുമെക്കിളും താനേശമിച്ചീടും
മഴപെയ്താലുഷ്ണം ശമിക്കുംപോലെ. 7

പശുവിന്റെ വെണ്ണയിൽ നറുതേൻ കല്ക്കണ്ടങ്ങ–
ളശനം കഴിച്ചാൽ കുളുക്കും ദേഹം. 8

ചെറുതായ തിപ്പലി തേനിൽ കഴിച്ചീടിൽ
സ്വരസാദമെല്ലാതും താനേപോകും. 9

ഗുളമിരട്ടിച്ചവറുത്തതിലത്തോടും
ഗുളമതിൽ പാതിയാം ചുക്കുമായി, 10

ഒരുമിച്ചിടിച്ചു പൊടിച്ചുരുട്ടിചെന്നാൽ
വരികില്ലവന്നു ചുമ പനികൾ. 11

ചെറുതേക്കിൻ വേരിനോടൊരു പാദം വിശ്വംചേ–
ത്തൊരുമിച്ചുവെന്ത കഷായംതന്നെ, 12

അനുപാനം ചേർത്താവാമല്ലാതെയുമാവാം,
അശിച്ചെന്നാൽ വായുവിൻക്ഷോഭംപോകും. 13

മുളകിന്റെ ചൂർണ്ണവും, മധുവും, കല്ക്കണ്ടവു–
മൊരുമിച്ചു ചെന്നാൽ ക്ഷയം പറക്കും. 14

Since 1923

# 6. ക്ഷയരോഗ ചികിത്സ.

(ഗാഥ)

രോഗിക്കു വേണ്ടും ബലമുണ്ടെന്നാകിലോ
അഭ്യംഗംതന്നെ കഴിപ്പിച്ചീടാം; 1
സ്നിഗ്ദ്ധൌഷധങ്ങളെക്കൊണ്ടു ഛർദ്ദിപ്പിക്കാം,
സ്നിഗ്ദ്ധൌഷധത്താൽ വിരേചിപ്പിക്കാം; 2
നെയ്യും പഞ്ചാരയും, തേനും, ത്രികോല്പയും,
ചേർത്തുകൊടുത്തു വിരേചിപ്പിക്കാം; 3
ദീപനംചെയ്യുന്നുമിഷ്ടമായുള്ളതും
ദേഹം തടിപ്പതും നല്കീടേണം. 4

ഷഷ്ടികം, കോതമ്പം, മുൽഗം, യവമെല്ലാം
സംവത്സരം പഴകിയതാകാം; 5
ആട്ടിന്റെ മാംസം പയസ്സുനെയ്യെന്നിവ–
യാഹാരമായിക്കൊടുത്തുകൊള്ളാം. 6

(ആട്ടിൻമാംസരസം ശീചിക്കേണ്ടും ക്രമം)

തിപ്പലിയൊത്തോ, ചുക്കൊത്തോ, യവമൊത്തോ,
താളിമാതളത്തിൻ തോടോടൊത്തോ, 7
വേവിച്ചുകൊള്ളാം കുലത്ഥത്തോടൊത്തിട്ടോ,
പിന്നീടരിച്ചു രസമെടുത്തു, 8
ഓജസ്സിന്നൊത്ത പടിക്കുകൊടുക്കുകി–
ലോടിയൊളിക്കും ക്ഷയമശേഷം. 9
സ്രോതോവിശുദ്ധിക്കു മററുമരിഷ്ടാദി
സേവിപ്പിക്കുന്നതുമേററം ഗുണം; 10
പിത്താധിക്യമുള്ള രാജയക്ഷ്മാവിന്നു–
ങ്ങല്ലിക്കള്ളേകിയാലാദരിക്കും. 11

Since 1923

(ഉരക്ഷതത്തിന്നു)

കൂവളം, ജീവന്തി, ശാരിബാ, വില്വവും,
ചാരുബലയു, മതിബലയും, 12
ചേൎന്ന കഷായംഘൃതം ചേൎത്തു കൈക്കൊണ്ടാൽ,
തീൎന്നുപോകും ക്ഷതകാസരോഗം. 13
പഞ്ചമൂലമോ ദശമൂലമോ ക്വാഥം
വെച്ചതിൽ പാതികൊണ്ടാട്ടിൻ പാലും, 14
ചേൎത്തുപാലാക്കിയെടുത്തതിൽ പഞ്ചാര–
ചേൎത്തുകഴിച്ചാലുരക്ഷതം പോം. 15

---

## ശശവാശംഘൃതം.

വാശാമൂലം, ശശമാംസമീവരണ്ടു–
മീരണ്ടുറാത്തലെടുത്തുകൊണ്ടു, 16
ആഢകമാഢകം വെള്ളത്തിൽവേവിച്ചു
നന്നാലിടങ്ങഴിയാക്കി വാങ്ങി, 17
ഊററിയരിച്ചവചേൎത്തു കല്ക്കത്തിന്നായ്
ദാരു, വിഴാലരി, യശ്വഗന്ധം, 18
ജീവകൎഷഭകം, മുത്തങ്ങ, തിപ്പലി,
കൎക്കടശൃംഗി, മരഞ്ഞളും, 19
രാസ്നാ, കുറച്ചൃലി, കാകോളി, ഗോസ്തനി,
ഭാൎങ്ങി, വിശ്വം, കൃഷ്ണ, യഷ്ടി, സിത, 20
ഓരില, കാട്ടുഴന്നെല്ലാം കഴഞ്ചിതു,
ചൂൎണ്ണിച്ചുചേൎത്തൊരു പ്രസ്ഥംഘൃതം, 21

Since 1923

ദ്രോണം പശുവിൻ പയസ്സും ചേൎത്തു കാച്ചി-
സ്സൂക്ഷിച്ചുസേവിച്ചുകൊള്ളുന്നാകിൽ, 22
ഓട്ടം ക്ഷയവും, കുരയും പനിയുമേ,
ഓജസ്സും വൎദ്ധിച്ചുവന്നുകൊള്ളും. 23

## ചൂൎണ്ണാമൃതം.

താലീസപത്രം, മുളകുമരപ്പുലം,
വീതം, ദ്രാക്ഷയുമാവീതം തന്നെ; 24
ചിററീന്തൽ, തേററാമ്പരലും, ബലാമൂലം,
തിപ്പലിയുമോരോരോപലവും, 25
ചുക്കും, ഫലത്രയം, ചവ്യം, ത്രിജാതകം
തിപ്പലിമൂലവും, കുഷ്ഠം കുഷ്ഠം; 26
ഭാൎഗ്ഗീപലദ്വയമെല്ലാവും ചൂൎണ്ണിച്ചു,
നാല്പലം പഞ്ചസാരയും ചേൎത്തു, 27
മൂന്നു കഴഞ്ചു മധുയുതം സേവിച്ചാൽ
പോകും ക്ഷയദ്രോഹം പത്തുമൊന്നും; 28
സൎവ്വരോഗങ്ങളും മാററുവാൻ പോരുന്ന
ചൂൎണ്ണാമൃതമിതുതന്നെ നൂനം. 29

## ധന്വന്തരം ഗുളിക.

ചുക്കും, കിരിയാത്ത, ജീരകം, പുത്തരി-
ച്ചുണ്ടവേരാ,ശാലി, നൽക്കടുക്ക, 30
ഏലത്തരിപറച്ചുണ്ടവേർ ജീരകം,
രുദ്രാക്ഷം കൎപ്പൂരം കണ്ടിവെണ്ണ; 31

Since 1923

വാൽമുളകു, ദാരു, നല്ലപുഴവെല്ലാ-
മൊപ്പമെട്ടത്തജാജീരസത്തിൽ, 32
പിന്നെപ്പനിനീരിലോരോദിനം നന്നായ്
പേഷിച്ചു ഗുഞ്ജസമമുരുട്ടി; 33
പുത്തരിച്ചുണ്ടവേർ, പ്ലാവില ഞെട്ടിയും,
ജീരകവും വെന്ത ക്വാഥത്തിങ്കൽ, 34
സേവിച്ചാൽ ഛർദ്ദിയു,മെക്കിളും, ശ്വാസവും,
കാസവും പോകും ക്ഷയവും മാറും; 35
വായുക്കാറം നേരെയായീടും കഫംതുപ്പ-
യോടീടും; ധാന്വന്തരീയാണിതു. 36

---

## 7. സ്വരസാദ ചികിത്സ.

സ്വരസാദത്തിങ്കൽ നസ്യംചെയ്യുന്ന-
തേററവും നല്ലതാകുന്നു; 1
നിലമ്പരട്ടരസത്തിലെണ്ണയെ-
ക്കാച്ചിനസ്യത്തെ ചെയ്തീടാം; 2
നല്ലശോകത്തോൽ വെന്തക്വാഥത്തിൽ
തേനുംചേർത്തു കഴിക്കിലോ, 3
സ്വരസാദമെന്നരോഗമെല്ലാതു-
മില്ലാതാമില്ലസംശയം. 4

### കാകമാചിപ്രയോഗം.

യഷ്ടികല്ക്കമായ് കരിന്തക്കാളിടെ
രസത്തിലെണ്ണയോ നെയ്യതോ, 5

Since 1923

കാച്ചിസ്സേവിച്ചുകൊള്ളുകിൽ സ്വര-
സാദമെല്ലാതുമില്ലാതാം. 6

## നക്കുലേഹം.

ലവങ്ങം തിപ്പലിഭാർങ്ങിയേലങ്ങളും
സമമാൻ ചൂർണ്ണമുണ്ടാക്കി, 7
നേരിരട്ടിച്ച പഞ്ചാരചേർത്തു
തേൻനെയ്കൊണ്ടങ്ങു ചാലിച്ചു, 8
പലവട്ടം സേവിച്ചീടുന്നുവെന്നാൽ
സ്വരസാദമെല്ലാമോടിപ്പോം. 9

## ലേഹം.

ഈന്താചകാവും മുന്തിരിങ്ങയും
വെന്തരിച്ച രസത്തിങ്കൽ, 10
പഞ്ചാരക്കൂട്ടിപ്പാവാക്കി വേണ്ടും
നെയ്യും തിപ്പലി ചൂർണ്ണവും, 11
ചേർത്തിളക്കിയിറക്കിയാറുമ്പോൾ
തേനും ചേർത്തിരുന്നേരവും 12
സേവിച്ചാൽ സ്വരസാദംപോം, കാസ-
ശ്വാസവും ജ്വരദാഹവും. 13

Since 1923

# 8. അരോചക ഭക്തരോധാരുചി ചികിത്സ.

(എങ്ങനിന്നു ചമഞ്ഞു നാമെല്ലാം—മട്ട്)

ആമ്രപല്ലവമായതിൻ ഞെട്ടും,
കൂവളം മലരിഞ്ചിയും, 1
ഇക്ഷുഖണ്ഡവും ചേർത്തുവെന്തതിൽ
മാതളങ്ങതന്നല്ലിയെ, 2
ചേർത്തുകൊണ്ടു കഴിച്ചുകൊള്ളുകി–
ലാക്കമേരുചി വാച്ചിടും. 3
മുന്തിരിങ്ങ ശതാവരി ബല,
കൂവളംവേരു, ഡാഡിമം, 4
വെന്തുകൊൾകഞെരിഞ്ഞിലും ചേർത്തു
ഭക്തരോധമൊഴിക്കുവാൻ. 5

(മട്ടുമാറി)

നാരങ്ങാനീരും സമമിഞ്ചിനീരു–
മതിൽവേണ്ടും മട്ടിലിന്തുപ്പും, 6
കലൻവെച്ചുകൊണ്ടൊരുവൻ സേവിച്ചാൽ
അരുചിപോം വിശപ്പുളവാകും. 7
ഇന്തുപ്പിഞ്ചിയും, ചെറുനാരങ്ങയും,
പരിചിൽ പേഷിച്ചചമ്മന്തി, 8
ഒരുവനന്നമ്പോൾ കഴിക്കുന്നുവെന്നാ–
ലവനെങ്ങുനുണ്ടാമൊരുരോഗം. 9
വേപ്പിൻ പത്രവുമിഞ്ചിയും വേണ്ടു–
മിന്തുപ്പും കുരുമുളകുമായ്, 10

Since 1923

അരച്ചു തൈർചേർത്തു വിളമ്പും ചമ്മന്തി–
യൊരുലേശമുണ്ണുംകാലത്തിൽ, 11

ഒരുവൻ കൂട്ടിക്കൊണ്ടിരിക്കുന്നുവെന്നാ–
ലവനേറ്റമഗ്നിരുചിയുമേ. 12

വള്ളിനാരങ്ങയല്ലിയും നെയ്യു–
മിന്തുപ്പുംചേർത്തു സേവിച്ചാൽ, 13

അരുചിയെന്നുള്ളതെവിടെയാം, സൌഖ്യ–
മിതുമൂലമാർക്കുമുളവാകും. 14

---

## 9. ഛർദ്ദിചികിത്സ

(എങ്ങനിന്നു ചമഞ്ഞു നാമെല്ലാം—മട്ട്)

ഞാവലിന്റെ കുരുന്നു, മാന്തളിർ,
മുസ്തയു,മിരുവേലിയും, 1

ചുക്കു, ശീരവു,മൊത്തുവെന്തതിൽ,
തേനൊഴിച്ചു കൊടുക്കിലോ; 2

രക്തഛർദ്ദി ശമിക്കും, യാന്ത്രിക–
സ്വിച്ചിടുമ്പോഴാം കറൻറുപോൽ! 3

(മട്ടുമാറി)

പട്ടിണിയുമിഷ്ടമായ ഭക്ഷണവും, ഭക്ഷിച്ചെന്നാൽ
പച്ചവെള്ളംകൊണ്ടുമുഖം കഴുകുന്നതും, 1

ചെയ്യുന്നാകിൽ ഛർദ്ദിക്കില്ലും സുഖമുണ്ടാമെന്നല്ലാതെ,
അപഥ്യാഹാരം ഭുജിച്ചാലപകടമാം. 2

Since 1923

കുവളവേർ മലർ ചുക്കെന്നിവചേൎത്തു വെന്തവെള്ളം
ഛൎദ്ദിയെക്കളഞ്ഞീടുമെന്നുള്ളതുള്ളതാം. 3

കുവളവേർ കൊത്തംമല്ലി ചുക്ക മലർ കുറുന്തോട്ടി,
ചെറുപയറിവയാലെ വെന്തൊരുനീരം, 4

വാതം പിത്തം കഫമിവയേതുകൊണ്ടുംഭവിച്ചുള്ള
ഛൎദ്ദിയേയും കുടിച്ചെന്നാൽ കെടുത്തും നൂനം. 5

പ്ലാശിൻതൊലിച്ചാററിൽ തേനുംചേൎത്തുകൊണ്ടു കഴിച്ചീടിൽ
ഛൎദ്ദിയതുകൊണ്ടുതന്നെ ശമിക്കുമല്ലോ! 6

ഇലവങ്ങപ്പൊടിസിതചേൎത്തു മുന്തിരിരസത്തിൽ
ചാലിച്ചൊരു പലവട്ടം ഛൎദ്ദിയെ നീക്കും. 7

കുവളവേർ തൊലി നീക്കിയിട്ടു വെന്തപാലെടുത്തു
പഞ്ചസാര ചേൎത്തശിച്ചാൽ ഛൎദ്ദി നിന്നീടും. 8

## ചോര ഛൎദ്ദിക്കുന്നതിനു.

ചേരാലിന്റെ മൊട്ടുതാനോ കല്ലാലിന്റെ മൊട്ടുതാനോ
തിപ്പലിപ്പൊടിയും തേനുംചേൎത്തു സേവിച്ചാൽ, 9

തനിയെ തിപ്പലിപ്പൊടി തേനുംചേൎത്തു സേവിച്ചാലും
രക്തം ഛൎദ്ദിപ്പതു താനേശമിച്ചുപോകും. 10

തിപ്പലിപ്പൊടിയിൽ തേനുംമാതളനാരങ്ങാനീരും
പഞ്ചാരയും ചേൎത്തുകൊണ്ടാൽ ഛൎദ്ദിയെല്ലാം പോം. 11

Since 1923

## 10 ഹൃദ്രോഹത്തിന്നു ചികിത്സ

(നരനായിങ്ങനെ—മട്ട്)

ഉഴുന്നും, ദാരുവും, ബലയും വെന്തതി-
ലെണ്ണചേർത്തു കഴിക്കിലോ, 1
ഹൃദ്രോഗാർത്തികളത്രയും പോകും
സൌഖ്യവുമുണ്ടാം സാമ്പ്രതം. 2

മട്ടുമാറി (ഗാഥ)

നീർമരുതിൻച്ചാററിൽ പശുവിൻനൈ
നീർമരുതിൻതൊലി കല്ക്കമാക്കി, 3
കാച്ചിക്കഴിച്ചാൽ ഹൃദയരോഗം മാറും
മേഘാവലികാററിലോട്ടം പോലെ. 4

---

## 11 തൃഷ്ണാമദാത്യയാദി പ്രകരണം
## തൃഷ്ണക്കു ചികിത്സ.

(നരനായിങ്ങനെ—മട്ട്)

നന്നാറികുമിഴിൻ വേരു രാമച്ചം
ചന്ദനം, രക്തചന്ദനം; 1
ചിററീന്തൽവേരും, യഷ്ടിയുമായി
വെന്തു സേവിക്കിൽ തൃഷ്ണപോം. 2

---

Since 1923

## ൬ മദാത്യയാദി ചികിത്സ.

(നരനായിങ്ങനെ--മട്ട്)

മുന്തിരിപ്പഴം യഷ്ടി,രിപ്പയും,
പേരീന്തൽപ്പഴം, ചന്ദനം, 1

നന്നാറി, കൃഷ്ണ, താമരക്കട,
രാമച്ചം, മലരെന്നിവ, 2

ചേർത്തുവെന്തതണത്തവാരിയാൽ
പോയിടുമേ മദാത്യയം; 3

എന്നല്ലാ, തൃട്ടും, വിഭ്രമങ്ങളു-
മൊന്നുമേപററിനിന്നിടാം. 4

---

## ൭ മൂർച്ഛായാദി ചികിത്സ.

(ഗാഥ)

മൂർച്ഛായത്തിങ്കൽ മദാത്യയത്തിങ്കലും
വാതപിത്തഹരം ചേർത്തിടേണം; 1

മുന്തിരിങ്ങ, മലർ, ചന്ദനം, മുത്തങ്ങ,
നന്നാറി, രാമച്ച,മീത്തപ്പഴം, 2

തിപ്പലി, യഷ്ടി, മധൂകമിവസമം
ചേർത്തുവെന്തുള്ള കഷായം ചെന്നാൽ, 3

മൂർച്ഛായത്തേയും മദാത്യയത്തേയുമേ,
നീക്കിക്കളഞ്ഞീടുമില്ലവാദം. 4

ധാരോഷ്ണമായുള്ള പാലു കുടിക്കുകിൽ
പോകും മദാത്യയമായരോഗം. 5

Since 1923

പച്ചനെല്ലിക്ക, വിദാരിയു, മിക്ഷുവും,
ചാരുശതാവരി കുമ്പളങ്ങ; 6
തുല്യമിടിച്ചു പിഴിഞ്ഞരിച്ച രസം
ചൊല്ലാന്നേടങ്ങഴി രണ്ടെടുത്തു, 7
നെയ്യൊരിടങ്ങഴി ചേർത്തു കല്ക്കത്തിന്നു,
മുന്തിരിങ്ങ, യഷ്ടി, ചന്ദനവും, 8
എട്ടുകഴഞ്ചീതു പേഷിച്ചുചേർത്തഥ
പൈപാൽ രസത്തോളംകൂടെചേർത്തു, 9
കാച്ചിയരിച്ചതിൽ പഞ്ചസാര പല-
മെട്ടുചൊരിഞ്ഞു കടഞ്ഞുചേർത്തു, 10
സൂക്ഷിച്ചു പഥ്യമായ് സേവിച്ചുകൊള്ളുകിൽ
പിത്തഗുന്മം മാറി ഗർഭംനില്ക്കും; 11
ഉന്മാദം, പിത്ത, മസൃഗ്ദരം, മൂർച്ഛായം,
വാതരക്തവും, മദാത്യയവും; 12
പാണ്ഡ്വാമയമസ്ഥിസ്രാവാദിയെല്ലാവും
മാറും; ധാത്ര്യാദിഘൃതം വിശിഷ്ടം. 13

---

## 12. അർശോരോഗ ചികിത്സ.

(കാരണാത്മക വേ—മട്ട്)

കുവളത്തിന്റെ വേരും ജീരകം, ചുക്കും, കൊടി-
ത്തൂവ്വയുംകൂടിയാറുകഴഞ്ചെടുത്തു, 1
പാടക്കിഴങ്ങുസമംചേർത്തു കഷായമാക്കി-
കൊണ്ടാലർശോതിസാരമെല്ലാം പോകും. 2

Since 1923

മുത്തങ്ങയൊന്നുമാത്രം വെന്തകഷായത്തിങ്കൽ
തേനൊഴിച്ചുചെന്നാൽ പോക്കൊഴിയും. 3
ആടിന്റെപാൽ കുറുക്കി തേനൊഴിച്ചശിച്ചാൽ
ചോരപോക്കതിവേഗംതാനേനില്ക്കും. 4
മാതളനാരങ്ങതൻ തോട്ടം കുടകപ്പാല–
വേരിന്മേൽ തോലുംചേർത്തു വെന്തെടുത്തു, 5
തേനൊഴിച്ചുകൊണ്ടു സേവിച്ചീടുന്നുവെങ്കിൽ
രക്താതിസാരമുടൻ നില്ക്കും നൂനം. 6
രക്തചന്ദനമൊരുനെല്ലിക്കയോളമരി–
ക്കാടിയിലരച്ചിട്ടു കല്ക്കണ്ടവും, 7
തേനും ചേർത്തശിക്കുന്നുവെന്നാകിൽ ദാഹംമോഹം,
രക്താതിസാരമെല്ലാം നില്ക്കുമല്ലോ! 8

അഗ്നിതൻമൂലം ശുദ്ധിചെയ്തു പൊടിച്ചുവെച്ചു
തക്രത്തിൽ പുലർച്ചക്കുസേവിക്കുകിൽ, 9
ദുർന്നാമരോഗമോടു, മഗ്നിതാൻ ചേർന്ന പാലിൻ–
തക്രത്തെയശിച്ചാലും, വാദമില്ല. 10

---

## 13. അതിസാരത്തിന്നും ഗ്രഹണിക്കും ചികിത്സ.

(ഗാഥ)

മുസ്തകക്വാഥത്തിൽ തേൻചേർത്തു സേവിച്ചാൽ
സർവ്വാതിസാരവുമില്ലാതാകും; 1
പാഠയുമോമവും തുല്യമായ് ചേർന്നുള്ള
ക്വാഥത്തിൽ തേനും കലർന്നുചെന്നാൽ, 2

Since 1923

നോവുംശമിക്കു, മതിസാരവും, പോക്കും,
രക്താതിസാരവും മാറിനില്ക്കും. 3

പൂളത്തളിരിനെപ്പേഷിച്ചു തക്രത്തിൽ
സേവിച്ചാൽ രക്താതിസാരംമാറും. 4

### മുക്കുടിക്കു.

താതിരിപ്പൂവ്വ,യമോദകം, മുസ്തകം,
താളിമാതള, മതിവിടയം, 5
ചുക്കുമിവകൾ പൊടിച്ചു പുളിയുള്ള
തക്രത്തിൽ മുക്കുടിയാക്കിക്കൊണ്ടാൽ, 6
മാറിപ്പോയീടുമതിസാരമൊക്കെയും
മഞ്ഞക്കരശ്ശിയിലെന്നപോലെ. 7
തേററാമ്പരലരച്ചിട്ടെരുമമോരിൽ
ചേർത്തുകൊണ്ടാൽ ചോരപോക്കു മാറും. 8
ചർങ്ങേരിനീരംസമം തക്രവും ചേർത്തു
ചുക്കിട്ടുവേപ്പിലകൊണ്ടിളക്കി, 9
മോരാക്കിയുപ്പിട്ടു സേവിച്ചുകൊള്ളുകി-
ലമ്പരന്നോടു മതിസാരൌഘം. 10

---

## ൫ ഗ്രഹണി ചികിത്സ.

(ഗാഥ)

ആദ്യത്തിൽ പാചനം, സംഗ്രാഹ്യമദ്ധ്യത്തി-
ലന്ത്യത്തിൽദീപനമേവം കർമ്മം, 1
ചെയ്തുകൊണ്ടീടേണമെന്നാൽ ഗ്രഹണിയാം
രോഗംശരിക്കു ശമിക്കുംനൂനം. 2

Since1923

### പാഠാകരഞ്ജാദി കഷായം.

പാഠക്കിഴങ്ങു,ഞ്ഞിൻതോലു, മാവിൻതോലും
പഞ്ചകോല പ്രകരിവേപ്പിൻ തോലും, 3
നൽശിവതത്തോട്ടു, കൊഴിഞ്ഞിൻവേരെന്നിവ
ചേൎത്തുവെവിച്ച കഷായത്തിങ്കൽ, 4
തിപ്പലിചൂൎണ്ണിച്ചു ചേൎത്തുകൊടുത്തീടി-
ലില്ലാതെയാകും ഗ്രഹണിരോഗം; 5
എന്നല്ലതിസാരം, ഗുന്മനും മാറീടും;
പാഠാകരജ്ജാതിയോഗം ശ്രേഷ്ഠം. 6

### വ്യോഷാദി മുക്കുടി.

വ്യോഷവു, മിന്തുപ്പും, പഥ്യയും തക്രത്തിൽ
സേവിച്ചുകൊണ്ടാൽ ഗ്രഹണിമാറും. 7

### ഇന്തുപ്പുകാണം ചൂൎണ്ണം.

ഇന്തുപ്പൊരുകാണ, മോമം രണ്ടുകാണം,
നാലുകാണം തിപ്പലിയുമേവം, 8
ആറുകാണം ശിവയും പൊടിയായ്തീൎത്തു
വെന്നീരിലോ തക്രമെന്നതിലോ, 6
സേവിച്ചാൽ മാറും ഗ്രഹണി,യിതഗ്നിക്കു
ശക്തി കുറഞ്ഞോൎക്കു തീവ്രപഥ്യം. 10

---

## 14. വിഷൂചികാചികിത്സ.

(കേക)

ലംഘനം ചെയ്തീടേണമാദ്യത്തിൽ വിഷൂചിയിൽ
പിന്നീടു ചുക്കുകഷായത്തെസ്സേവിപ്പിക്കേണം; 1

ചുക്കിന്റെ കഷായത്തിങ്കൽ തിപ്പലി ചേൎത്തുകൊണ്ടാൽ
നഷ്ടമാം നോവു,മമ്ലം തേട്ടലുമസംശയം. 2

ശുണ്ഠിയും, ജീരകവും പേഷിച്ചതക്ഷമാത്രം,
ശുഷ്ഠകേസരാംബുവിൽ സേവിച്ചാൽ തൃഷ്ണപോകും. 3

കോൽപ്പുളിയിലച്ചാറുമെണ്ണയും കൂട്ടിക്കുഴ–
മ്പാക്കീട്ടു ശീൎഷത്തിങ്കലിട്ടു കൊള്ളുകവേണം. 4

കഞ്ഞുണ്ണിവേരരച്ചു കാലിന്മേൽ തേച്ചീടേണം,
താലത്തിൻ വേരു നാഭി തന്നിലും ലേപിക്കണം 5

കോച്ചുക കൂടിയെന്നാൽ കാച്ചിയുഴിഞ്ഞിടേണം;
ചുക്കും, ബലാമൂലവും, കൂവളത്തിന്റെ വേരും, 6

ചേൎത്തക്കഷായം മലർധൂളിയും ചേൎത്തുകൊണ്ടാൽ,
ദാഹവുംപോകും തലേത്തട്ടിയും മാറിപ്പോകും. 7

## ദാഹത്തിന്നു

(മട്ടമാറി.)

പച്ചയാമീക്കിൽ പത്തുരുപാത്തുക്കമെടുത്തു
വെള്ളത്തിൽവെന്തു നാഴിയാക്കിറക്കി, 1

ദാഹംവരുമ്പോഴുഴക്കിശ്ശെകൊടുത്തുകൊണ്ടാൽ
ദാഹമൊഴിഞ്ഞു രോഗം ശാന്തിയാകും. 2

## ഉരുണ്ടുകയററത്തിന്നു

നല്ലമുളകുഴക്കു നല്ലപോലെ പുഴുങ്ങി,
പേഷിച്ചു ദേഹമാകെത്തേച്ചീടുമ്പോൾ, 2

ആക്കമുരുണ്ടുകേററം തീരുമറിഞ്ഞീടേണം;
കൈകാലടികളിങ്കൽ ചുണ്ണാമ്പും തേച്ചീടാമേ. 4

Since 1923

### ഛർദ്ദിക്ക്.

ഏലത്തരിമലരും, ഗ്രാമ്പൂവും, നാഗപ്പൂവും,
തിപ്പലി, കുളം, ലന്ത, മുത്തങ്ങയും, 5

ചന്ദനമിവയോടു കല്ക്കണ്ടം താനും ചേർത്തു
ചൂർണ്ണിച്ചു തേനിൽ ചെന്നാൽ ഛർദ്ദിമാറും. 6

### കഷായം.

നല്ലകൊഴിഞ്ഞിൽവേരു താനേ വെന്തതോ നല്ല
വേപ്പിന്റെ തൊലിയോടും വെന്തതോവാൻ 7

വില്വാദി ഗുളികയുമൊന്നിച്ചുകൊടുക്കുകി-
ലില്ലാതെയാകും തലേത്തട്ടിരോഗം. 8

### വില്വാദി ഗുളിക.

കൂവളം, തൃത്താകതി,രുങ്ങിൻ പരിപ്പു, നതം,
ദേവതാരം, ത്രിഫലം, മുപ്പട്ടവും, 9

രണ്ടുനിശയുമെല്ലാം തുല്യമായിപ്പൊടിച്ചു
ആട്ടിന്റെ മൂത്രമേറെച്ചേർത്തരച്ചു, 10

പുത്തരിച്ചുണ്ടക്കായപോലെയുരുട്ടി നിഴൽ
കൊള്ളിച്ചുണക്കിവെച്ചു നസ്യാദിയാൽ, 11

എല്ലാവിഷവുംതീക്കാം, ദീപനക്ഷയം മാററാം,
വെല്ലാം വിഷൂചിയേയും, ബാധയേയും. 12

### ശുശ്രൂഷാക്രമം.

ചുക്കും, തിപ്പലിതാനും, പേഷിച്ചിട്ടാദ്യംതന്നെ
ചൂടുവെള്ളത്തിൽ മറിപ്പതുനല്ലാം; 13

Since 1923

ജീവിതരക്ഷക്കായിശ്ശീതവാരിയെയേകാം,
മോരും കേരകത്തിൻെറ നീരുംനല്ലാം. 14

മാറിയാൽ ശോധനകൾ ചെയ്യോക്ക ചെയ്തീട്ടുമൊ–
രാചാരം കൈക്കൊള്ളുകതന്നേവേണ്ടു. 15

—*—

## 15. മൂത്രകൃച്ഛ്രാശ്മരി ചികിത്സ

(അത്തീയനിന്നിരന്നും—മട്ട്)

പാലിൽ ശതാവരിയെച്ചേർത്തു വേവിച്ചതിങ്കൽ
പഞ്ചാരചേർത്തശിച്ചാൽ മൂത്രകൃച്ഛ്രം ശമിക്കും; 1

പാൽ മുതുക്കിൻകിഴങ്ങും, മുസ്തയും, നന്നാറിയും,
വാരി, ഞെരിഞ്ഞിൽവരീമൂലവും ചേർത്തു വെന്തു; 2

സേവിച്ചുകൊൾകിൽ മൂത്രകൃച്ഛ്രമൊഴിഞ്ഞുപോകും;
ചെറുകോൽ പനച്ചുവേര് പാലിലരച്ചുരുട്ടി, 3

താന്നിക്കയോളമല്പം നല്ലെണ്ണയും കലർത്തി
സേവിച്ചുകൊൾകിൽ മൂത്രച്ഛ്രൂടമാറീടുമല്ലോ; 4

(കല്ലടപ്പിന്നു.)

നീലിതൻ മൂലമിളംനീരിൽ കഴിച്ചീടിലും,
യഷ്ടിതൻചൂർണ്ണം കഴഞ്ചൊന്നരിക്കാടിയിങ്കൽ, 5

സേവിച്ചുകൊണ്ടീടിലും, കല്ലടപ്പൻതെറിക്കും;
വെള്ളപ്പനന്റവേർ പേഷിച്ചുരുട്ടിയൊരു, 6

താന്നിക്കയോളമിളം നീരിൽ കലക്കിക്കൊണ്ടു,
സേവിച്ചുകൊണ്ടീടിലും, പുഷ്പപ്രസാരണിച്ചാൽ, 7

തൈലവും ചേർത്തു കൂട്ടിസേവിച്ചിടന്നാകിലും,
അശ്മരിവീണുപോകുമായതിനില്ലവാദം. 8

Since 1923

(ഉചിതാചാരം)

മൂത്രകൃച്ഛ്റം ഭവിച്ചാലാനാഹമേററംഗുണം,
നാഭിയിൽധാരചെയ്യാം, തൈലവും തേച്ചുഴിയാം. 9

---

## 16 പ്രമേഹചികിത്സ.

(അത്തീയനിന്തരനം—മട്ടു)

നെല്ലിക്ക, പാച്ചോററിയും, തെച്ചി, നിശാകതകം
ഭദ്രകം, രാമച്ചവും, പൊൻകുരണ്ടീടെ വേരും, 1
ചേൎന്നകഷായമേകം നീക്കും പ്രമേഹരോഗം;
നല്ലചെറുതേനിതിൽ ചേൎക്കുകിലേററം ഗുണം. 2
നെല്ലിക്കതൻ രസത്തിൽ തേനും നിശാചൂൎണ്ണവും,
ചേൎത്തുകഴിച്ചുകൊണ്ടാൽ മാറും പ്രമേഹരോഗം; 3
ചിററമൃതിൻെറ നീരിൽ തേനും പകൎന്നുചെന്നാൽ,
മേഹത്തെ വീഴിച്ചീടു, മാനയെ സിംഹമേവം, 4
അത്തിതൻ കായരച്ചു പാലിൽ കഴിച്ചുകൊണ്ടാൽ
മേഹമെല്ലാതുമപ്പോൾ പാഞ്ഞൊളിച്ചീടുമല്ലോ. 5

ജീരകത്തിൻെറ ചൂൎണ്ണം പഞ്ചസാരസമേതം
മേഹരോഗിക്കശിക്കാം, മേഹംഗമിക്കയുള്ളു; 6
കാട്ടുമുളകിൻവേരും, ചിററമൃതിൻെറ നൂറും,
വട്ടകാക്കാക്കൊടിയുമോരോകഴഞ്ചരച്ചു, 7
തേനമൊന്നിച്ചുചേൎത്തു സേവിച്ചുകൊണ്ടീടുകിൽ,
താനേനശിക്കും മേഹം, വേണ്ടപോൽ ചേൎത്തുചെയ്തു 8

മേഹരോഗിക്കു ബലമുണ്ടെന്നു കണ്ടീടുകിൽ,
ശോധനംരണ്ടുമവക്കാദിയിൽ ചെയ്തുകൊള്ളാം. 9

---

# 17. വിദ്രധി ചികിത്സ.

(പാഹ്യമേയകുമാര—മട്ട്)

പാകമാകാത്ത വിദ്രധിയെന്നാൽ നീരിനുള്ള ചികിത്സയും
പാകമായിപ്പഴുത്തുവെങ്കിൽ വ്രണത്തിനുള്ള ചികിത്സയും, 1

ചെയ്തുകൊള്ളണമാദിയിങ്കൽ വിരേചനത്തെ നടത്തണം;
കൊന്നതന്നെ കൊടുത്തുകൊണ്ടുവിരേചനത്തെ നടത്തിടാം. 2

വ്യാഘ്രി, ചുക്ക, മുരിങ്ങ, മുഞ്ഞ, പുനർന്നവാ, വരണങ്ങളെ–
ക്കൊണ്ടുവെന്ത കഷായമൊന്നുകുടിക്കിൽ വിദ്രധിമാറിടും. 3

ചന്ദനം, മരമഞ്ഞാം, മുസ്ത, സുചുണ്ടവേരൊടു വത്സയും,
വെണ്ണതന്നനുപാനമായ്ക്കൊടുക്കിൽ വിദ്രധിമാറിടും. 4

ആൽമരത്തൊലി, മുസ്ത, ദീപ്യക, മഞ്ഞളും, മരമഞ്ഞളും,
നീരുമാതളത്തോലുമൊത്തഥ വിദ്രധിക്കു കൊടുത്തിടാം. 5

ഊമനുള്ളൊരു താടിതന്നുടെ പത്രമങ്ങു പുരട്ടിയാൽ,
നീരുനോവിവപോയിടും കുരു പൊട്ടിടേണ്ടതെ പൊട്ടിടും. 6

(ദുഷ്ടവ്രണചികിത്സ നോക്കുക)

—*—

# 18. വൃദ്ധിചികിത്സ.

(പാഹ്യമേയകുമാര–മട്ട്)

വൃദ്ധിരോഗമതിങ്കലാവിയണച്ചു വെപ്പുവരുത്തണം,
ലേപനങ്ങളുമിട്ടിടേണമിന്നാദിയിൽ ക്രിയനിശ്ചയം. 1

വെള്ളെരുക്കില, വെൺലശുനവും, വെപ്പുകാടി, ഗോമൂത്രവും,
വെന്തൊരാവിയണച്ചുകൊണ്ടു വിയർപ്പുപൊട്ടിവിഴിക്കണം; 2

പൊന്നിൻകാരവുമുപ്പും, ഗോവിൻ്റെമൂത്രത്തിൽവെന്തരച്ചതോ,
ചേർത്തുകൊള്ളുകിലോടിടും വൃദ്ധി, ഐരണ്ഡംകൂടി ചേർത്തിടാം. 3

ചേർത്തുവെന്ത കഷായമുപ്പു ഇവച്ചിലം കായമെന്നിവ,
ചേർത്തശിക്കകിലില്ല ശൂലതുടങ്ങിയുള്ള ദരാമയം. 10

കൊട്ടത്തേങ്ങ, പഴകലസ്ഥവു, മില്ലിപ്പത്രവും, വിശാവും,
വെൺപുനർന്നവവേരു, രോമവും ക്വാഥമാക്കിയെടുത്തതിൽ, 11

ഇന്തുപ്പും, കായം, മേല്പൊടിയിട്ടുനൽകിയാൽ ശൂലപാഞ്ഞിടും;
ഗുന്മനുള്ള ചികിത്സവേണ്ടവ ശൂലയിങ്കലുമേകിടാം. 12

---

## 20. മഹോദരചികിത്സ.

(നരനായിങ്ങനെ—മട്ട്)

ദോഷമത്രയും കോപിച്ചങ്ങിനെ
ഞരമ്പുമാർഗ്ഗം തടുക്കയാൽ, 1

ഉദരരോഗം വരുന്നിതാകയാൽ
രേചിപ്പിക്കേണം രോഗിയെ, 2

കൊന്നമൂലത്തോൽ വെന്തവെള്ളത്താ-
ലുദരരോഗമൊഴിച്ചിടാം.

കാട്ടിലെ മുളകിൻെറ വേർകൊടു-
വേലിവേർ, ചുക്ക, തിപ്പലി, 4

കാട്ടുതിപ്പലി, ക്വാഥം പോക്കമു-
ദരരോഗമശേഷവും. 5

### മാണിഭദ്രാദി വിരേചനലേഹം.

ഓരോരോപലം നെല്ലിക്കത്തൊണ്ടും,
നൽക്കടുക്ക, വിഡംഗവും, 6

മുപ്പലം ത്രിവൃട്ടേവം ചേർത്തുപൊ-
ടിച്ചിരട്ടിച്ച ശർക്കര, 7

Since 1923

ഉള്ളി,വെട്ടട,കാവണക്കിണ,യാവണക്കു, മുഴിഞ്ഞയും,
ചുക്കുമൊത്ത കഷായമായതിലേരണ്ഡം തൈലമിന്തുപ്പും, 4
ചേൎത്തുകൊള്ളുകിലോടിടും വൃദ്ധിയത്രയുമില്ല സംശയം;
ഉള്ളി,മുത്തിള,ഴിഞ്ഞ, പപ്പണ,യക്ഷുദ്രഗ്സ്വരസത്തൊടൊ- 5
ത്തൈരണ്ഡം തൈലം കാച്ചിവെച്ചുകഴിക്കയും, തലയോടയും,
ചെയ്തുകൊള്ളുകിലോടിടാത്തൊരു വൃദ്ധിയില്ലിഹ നിശ്ചയം. 6

---

## 19. ഗുന്മശൂലാദി ചികിത്സ.

(പാഹ്യമേയകുമാര-മട്ട്)

സ്വേദനം ഗുന്മരോഗിയിൽ വിധിപോലെ ചെയ്യണമാദിയിൽ,
സ്നേഹദ്രവ്യസമേതമായ് വിരേചിപ്പിക്കുകയും ചെയ്യണം; 1
ഗ്രന്ഥിമൂലവുമാവണക്കുവേർ, ചുക്കു, ചിത്രകമൂലവും,
വെന്ത നീരമെടുത്തുകായവു, മിന്തുപ്പു, മുപ്പും, ചേൎത്തുകൊ- 2
ണ്ടേകിയാൽ വയർവീപ്പു, ഗുന്മനും, ശൂലവുമുടനോടിടും.
ആവണക്കു കുറുഞ്ഞിവേർ, ചുക്കു മുഞ്ഞവേർ തമിഴാമയും, 3
കൂവളം, മുതിരപ്പുരിപ്പുമെടുത്തുവെന്ത കഷായകം,
ഗോഘൃതം, വെല്ലു, മിന്തുപ്പും, കായം, തിപ്പലിയുമണച്ചഥ 4
നല്കിയാൽഗുന്മം ശൂലമഷ്ഠീലം, പ്ലീഹയുമുടനോടിടും.
പത്തുവേർ ചുക്കും ദേവതാരവും കഷായമാക്കികൊടുക്കിലും, 5
കാട്ടുതിപ്പലി, ചുക്കു, ചിത്രക, മാവണക്കും കഷായമായ്
നല്കിലും; വിടകൊണ്ടു ഗുന്മനൊഴിഞ്ഞുപോയിടും നിശ്ചയം. 6
പുങ്ങിൻെറതൊലി, യാവിലിൻതൊലി, നല്ലതിപ്പിലിദാരുവും,
ഭാർങ്ഗിവേരെള്ളു, മുള്ളിയും പഴതാം കുലത്ഥവുമൊപ്പമായ്, 7
വെന്തുകായവും ചേൎത്തുനല്കിയാലസ്രഗുന്മനൊഴിഞ്ഞിടും;
എൾക്കഷായത്തിൻ വെല്ലവും, നെയ്യും, വ്യോഷവുംചേൎത്തശി
രക്തഗുന്മനൊഴിഞ്ഞുപോമൃതുരക്തവും ശരിയായിടും [ക്കിലോ 8
കാട്ടുതിപ്പലി, തിപ്പലി, യുള്ളി, ചുക്കു, കൂവള, മാവിലും, 9

ചേർത്തുകൊണ്ടു കഴിച്ചുകൊള്ളുകിൽ
പോം മഹോദരം, ശ്വാസവും, 8
കുഷ്ഠം, ശ്വിത്രകം, ശ്വാസം, കാസവു,
മർശസ്സും പ്ലീഹ, ഗുന്മനും, 9
വന്നെപ്പൂഴുന്നകുരുക്കളു; മിതു
മാണിഭദ്രാദിലേഹമാം. 10

ഗോമൂത്രത്തിൽ വിജയകല്ക്കമായ്
നെയ്യുമേരണ്ഡതൈലവും, 11
ചേർത്തുവെന്തുകൊടുത്തുകൊള്ളുകിൽ
പോക്കിടാമേ മഹോദരം. 12
പഞ്ചമൂലം, ദശമൂലം, ത്രിവൃദ്-
ദന്തിമൂലം, ത്രിഫലയും, 13
വെന്തെടുത്ത കഷായമൊന്നു
കളഞ്ഞിടുമേ മഹോദരം. 14

---

## 21. ശോഫപാണ്ഡ്വാദി ചികിത്സ.

തഴുതാമവേരു, നിംബത്തിൻതൊലി,
പടവലം, ചുക്ക, ചുണ്ടയും, 1
അമൃത, ഭയയും, മരമഞ്ഞളുമാ-
യൊരുമിച്ചുവെച്ചുനല്കിയാൽ, 2
ശോഭവും, ജ്വരം, കാസവും, ശൂലം,
ശ്വാസവുമുള്ള പാണ്ഡുപോം. 3
ആടലോടകവേരും, പുരത്തി-
ച്ചുണ്ടവേരും, ത്രിഫലയും, 4

വേപ്പിൻെറ തോലു,മേലത്തിൻ വിത്തും,
ചിററമൃതും സമം ചേർത്തു, 5
വെന്തകഷായം മധുയുതംചെന്നാൽ
പാണ്ഡുവും,കാമിലയും പോം. 6
ആടലോടകം, വേപ്പിൻെറ തോലും
ചിററമൃതും, കതകവും, 7
യഷ്ടിയുമിരുവേലിയുമൊത്തു
കഷായമാക്കിയെടുത്തതിൽ, 8
തേനും, നെയ്യുമൊഴിച്ചുസേവിച്ചാൽ
കാമിലാരോഗം പാഞ്ഞുപോം. 9
ഞാറത്തോലയമോദകമെല്ലാം
നൽക്കരന്തോട്ടി പാഠയും, 10
കയ്യോന്നിയും, കട്ടക്കയ്യും, കട്ട,
വത്തുരടിയും, ശുണ്ഠിയും, 11
നല്ലയമോദം, മാങ്ങനാറിയും
ബ്രഹ്മി, കൃഷ്ണക്കരഞ്ഞിയും, 12
കാർകുടങ്ങലും, ചങ്ങലാഖ്യയും,
കാട്ടുതക്കാളി,യൊക്കയും, 13
ഓരോരോ പലം കൊള്ളണം തമി-
ഴാമവേർ പലം പത്തിഹ, 14
വൻകടലാടി നാൽപലമെല്ലാം
ചൂർണ്ണിച്ചിട്ടതിനോടൊപ്പം, 15
ശുദ്ധിചെയ്തപുരാണകിട്ടവും
ചേർത്തുകയ്യൊന്നി നീരൊട്ടം, 16
പേഷിച്ചിട്ടൊരു ധാത്രിപോലെയു-
രുട്ടിക്കാച്ചിയമോരിലായ്, 17
സേവിച്ചാൽ പാണ്ഡു, കാമിലാരോഗ-
മതുയും പോകും നിശ്ചയം. 18

Since 1923

# 22. വിസർപ്പചികിത്സ.

(എങ്ങുനിന്നു ചമഞ്ഞു—മട്ട്)

കാട്ടിലുള്ളപടവലം, ധാത്രി,
മുസ്തകവും കഷായമായ്, 1

നല്കിയാകിൽ വീസപ്പരോഗ–
മൊഴിഞ്ഞിടുമില്ല സംശയം. 2

വേപ്പിൻ പട്ട, പടവലം, മുക്കാ,–
തിപ്പലിയും കഷായമായ്, 3

നല്കിയാലും വീസപ്പരോഗമൊ–
ഴിഞ്ഞുപോകുമസംശയം. 4

---

# 23. മസൂരിചികിത്സ.

(എങ്ങുനിന്നു ചമഞ്ഞു—മട്ട്)

ചുക്ക, വേപ്പിൻതോൽ, നൽകറന്തോട്ടി,
കാട്ടിലുള്ള പടവലം, 1

കൊത്തംപാലരി, കൊട്ടം മുത്തങ്ങ,
നെല്ലിക്കയും കഷായമായ്, 2

വെന്തുതേനുമൊഴിച്ച നൽകിയാ–
ലേതുമട്ടും മസൂരിപോം. 3

രേചനക്രിയചെയ്ത ശീതമ–
ധുരഭോജന മുണ്ടോരാം, 4

വാഴുന്നു വെന്നാലായവന്നുമ–
സൂരിരോഗമുള്ളായിടാ. 5

Since 1923

## ൧ തുടങ്ങുമ്പോൾ കൊടുക്കേണ്ടും ഗുളിക.

(എങ്ങുനിന്നു ചമഞ്ഞു—മട്ട്)

ചന്ദനം കുന്നി ശുദ്ധിചെയ്തതും
വെള്ളരിക്കുരു ധാത്രിയും, 1
ചേർത്തരച്ച ഗുളിക കാടിയിൽ
ചേർത്തശിക്ക, മസൂരിപോം. 2
കയ്ക്കുംവേപ്പിൻെറ കാററകൊൾവതു
കാര്യമാകുന്നിതാകയാൽ, 3
ആയതിന്നു കഴിവുണ്ടാക്കുവാ-
നായവണ്ണം ശ്രമിക്കണം. 4

### കുളിപ്പിക്കുന്നതിന്നുള്ള എണ്ണ

നാൽമരത്തിൻെറതോൽ കഷായത്തിൽ
നാൽമരത്തിൻെറ മൊട്ടുകൾ,
കല്ക്കമായ് കാച്ചിവെച്ച തൈലത്ത-
ത്തേച്ചിടേണം കുളിക്കവേ. 6

## ൨ ക്ഷുദ്രമസൂരിചികിത്സ.

ക്ഷുദ്രമായമസൂരികേടെമു-
ഖംകഴിഞ്ഞിട്ടു കാൺകിലും, 1
ആയതൊരു തയമ്പുപോലെകി-
ടക്കിലും മൃതിവന്നിടും. 2
നാരങ്ങാനീരിൽവെല്ലവും ചേർത്തു
സേവിപ്പിക്കുക നല്ലതാം, 3
രുദ്രാക്ഷത്തെയരച്ചു പാലിൽ
സേവിക്കുന്നതു നല്ലതാം; 4

Since 1923

വെല്ലംത്രികോല്പകൊന്നയുരശിവ-
താന്നമൊത്തും കഴിച്ചീടാം. 5
മാറിയെന്നുവരുമ്പോൾ മഞ്ഞളും
വേപ്പുംതോലുമരച്ചതോ, 6
തേച്ചുവേപ്പിലവെള്ളംകൊണ്ടുകു-
ളിച്ചിടുന്നതു നല്ലതാം. 7

•—○—•

## 24. പിടകാദി ചികിത്സ.

ജീവന്തീ, യിരുവേലി, ശുണ്ഠിയു-
മാടലോടം, ത്രിഫലയും, 1
നന്നാറീ യഷ്ടി, ചന്ദനം, മുസ്ത,
നല്ലമൃതു, പടോലകം, 2
രാമച്ചം, വേപ്പിൻപട്ടയുമൊത്തു
വെന്തുശർക്കര തേനുമായ് 3
നല്കീയാൽ പിടകത്തിനുള്ളൊരു
വാർത്തുകൂടി യൊഴിഞ്ഞുപോം. 4

## വി സ്ഫോടം ചികിത്സ.

ചന്ദന, മിരുവേലി, മുസ്തയും,
രാമച്ചം, കൊത്തംമല്ലിയും, 1
പർപ്പടക, മമൃതുപുഷ്കര-
മൂലവും ചേർത്തു വെന്തെഴം, 2
കഷായമൊന്നു കൊടുക്കിലേതൊരു-
സ്ഫോടവും താണു കൂപ്പിടും. 3

—○—

Since 1923

# 25. ശീതപിത്ത ചികിത്സ.

(ഗാഥ)

ചിററമൃതു മഞ്ഞതാം തുവ്വവേപ്പിൻതൊലി,
കൊന്നത്തൊലിതോയം പഥ്യധാത്രീ, 1
ആടലോടകവേരെന്നിവകൊണ്ടുള്ള
കഷായത്താൽ മാറീടും ശീതപിത്തം. 2
സൈന്ധവമിട്ടിട്ടു മൂപ്പിച്ചു ഗോഘൃതം
തേച്ചുകൊണ്ടാൽ ശീതപിത്തം മാറും. 3
മാറാതെകണ്ടിട്ടു നില്ക്കുന്നുവെന്നാകിൽ
ശോധന നന്നായ് വരുത്തീടേണം; 4
പഥ്യത്രികോല്പയും ചൂർണ്ണിച്ചുവെല്ലത്തിൽ
സേവിച്ചുശോധന ചെയ്തീടേണം. 5
അന്യത്രചൊന്നുള്ള തിക്കകമാംഘൃതം
സേവിച്ചുകൊള്ളുന്നതേററം ഗുണം. 6

---

# 26. കുഷ്ഠശ്വിത്രകാദിചികിത്സ

(ഐവർപാട്ട്)

ത്രിഫലാ, ധാവനീ പടോലക,മുഞ്ഞ–
മമൃതവും, നിംബം, വൃഷയുമായ്, 1
കഷായമുണ്ടാക്കിക്കഴിച്ചുകൊൾകിലോ
ഒഴിഞ്ഞു കുഷ്ഠവും വണങ്ങീടും. 2
കരിങ്ങാലി, വേപ്പ്, മമൃതും, തുവ്വയും,
മരമഞ്ഞതാം വനം പടോലവും, 3
കഷായിച്ചുകൊണ്ടോരാൾ കഴിക്കുന്നെങ്കിലോ
വണങ്ങീടും കുഷ്ഠമസംശയം. 4

വളൎന്ന നിംബത്തിൻ തൊലിയിലപൂവ്വും
സമമായ് ചേൎത്തൊരു പൊടികല്ലം, 5
ശുഭദിനം തൊട്ടിട്ടെതിരേ സേവിച്ചാൽ,
സുഖമാം കുഷ്ഠാദി നിഖിലവും. 6

കണികൊന്നത്തൊലി കഷായമായിട്ടു
കഴിക്കിൽ ശ്വിത്രകമൊഴിഞ്ഞീടും;
വിഴാൽചന്ദ്രലേഖയിവയും പേയത്തി–
ത്തൊലിയും വേവിച്ചു കുടിക്കിലും. 8

(മട്ടുമാറി)

കയ്ക്കുന്ന വേപ്പിന്നിലയും കാർകോലരി 9
കാലത്തെ പേഷിച്ചിട്ടുക്കുന്നാകിൽ,
രക്തവാതം കുഷ്ഠം ശ്വിത്രകമെന്നിവ– 10
യെല്ലാമൊഴിഞ്ഞുപോമില്ലവാദം.
കൊന്നത്തളിരിൻ കഷായം ത്രിവൃട് ധാത്രി
നല്ലകടുക്ക കരുപ്പെട്ടിയും, 11
ചേൎത്തുചമച്ചൊരു ലേഹം പുലൎച്ചക്കു
ചേൎക്കുകിൽ ത്വഗ് രോഗമോട്ടുമല്ലോ. 12

---

## 27. ക്രിമിചികിത്സ.

(പാന)

ദ്രോഹിക്കുന്ന ക്രിമികളെന്നുണ്ടെങ്കിൽ
ശോധനം രണ്ടും ചെയ്യേണമാദിയിൽ; 1
കയ്പേറുവുള്ള ഭോജനം നെയ്ക്കൂട്ടി
ഭക്ഷിച്ചീടുന്നതേററം ഗുണപ്രദം; 2
പഞ്ചകോലകഷായം പിന്നീടങ്ങു
സേവിച്ചെന്നാൽ ക്രിമിദോഷമററിടും. 3

Since 1923

കാട്ടുചേനയും കുപ്പാഖ്യമഞ്ഞളും
കൊണ്ടുവെച്ചഖളം കൃമിപോക്കിടും. 4

ഗോമൂത്രത്തിൽ വയമ്പുസേവിക്കിലോ,
പിന്നെക്കാണുകയില്ല കൃമികുലം. 5

പ്ലാശിൻബീജമെരുക്കു ത്രത്താക്കടെ
മൂലവുംചേൎത്തുകാടിയിൽ കൊരാംകിലും; 6

കീഴാർ നെല്ലിയെക്കാടിയിൽ കൊരാംകിലും,
പോകുമെല്ലാകൃമികളും നിശ്ചയം. 7

കാട്ടുകസ്തൂരസത്തിങ്കലെണ്ണയെ-
ച്ചേൎത്തുസേവിച്ചുകൊള്ളുന്നുവെങ്കിലും, 8

ഓമവും വിഡംഗവുമിളം നീരി-
ലൊന്നിച്ചു ചേൎത്തു സേവിക്കുന്നാകിലും, 9

ഇല്ലട്ടക്കരിയെവെപ്പുകാടിയിൽ
ചൂൎണ്ണിച്ചിട്ടു കഴിക്കുന്നുവെങ്കിലും, 10

മുക്കുടിയെ വിഡംഗംകൊണ്ടുണ്ടാക്കി
സേവിച്ചെന്നാകിലും കൃമി പോയിടും. 11

രാത്രികാലം കരളകത്തിന്നില
പേഷിച്ചു വയററിൻ മുകളിൻകെട്ടി, 12

പിൻപുലൎച്ചയിൽ രേചിപ്പിച്ചീടുകിൽ
കൂടോടെ കൃമിയെല്ലാം പുറത്തുപോം 13

---

## 28. വാതചികിത്സ.

(മലയപ്പുലയന—മട്ട്)

ബലയുടെ മൂലവും, സഹചരമൂലവും
സിനയാകുമേരണ്ഡം ചുക്കും പിന്നെ, 1

Since 1923

സുരദാരുതാന്നമക്കരിനൊച്ചിമൂലവും,
ലശുനയും, രാസ്നയുമഷ്ടവൎഗ്ഗം; 2
സമമാൎന്നിവ വെന്ത ചിതമെഴും ക്വാഥത്തെ
എവിടെയും വാതത്തെ നീക്കാനേകാം. 3

ബലയുടെ മൂലവു, മതിബലാമൂലവും,
ബലമെഴും ശുണ്ഠിയും ചേൎത്തുവെന്തു, 4
ബലമാൎന്നങ്ങുന്ന വാതത്തിന്നേകിയാൽ
സുഖമായി വന്നീടുമില്ല വാദം. 5

തുളസിസ്വരസവും, നറുനൈ, മരീചവും
ചിതമാൎന്നു നല്കീയാൽ വാതം മാറും. 6

## ൧ അപബാഹുചികിത്സ.

(ഗാഥ)

പുഷ്പപ്രസാരണി, മാഷം, ബലാമൂല–
മുള്ളിയും, രാസ്നയും, ചുക്കുമായി, 7
വെന്തകഷായം കുടിച്ചാൽ വായുദ്രോഹം
തീരുമപബാഹു വാതവുമേ. 8

ഉള്ളി, കരിംജീരകം, കൃഷ്ണ, മൂവില
നാലും സമംചേൎത്ത ക്വാഥം ചെന്നാൽ, 9
ഉന്മാൎഗ്ഗകം വാതം മൂന്നുകുത്തു, മല്ലാ–
താൎക്കൊരു ദോഷവും ചേരുകില്ല. 10

## ൨ ഊരുസ്തംഭചികിത്സ.

(ഗാഥ)

ഗോമൂത്രമെന്നതിൽ ഗുല്ഗുലുസംശുദ്ധം
ചേൎത്തുകഴിക്കുകിലൂരുസ്തംഭം, 1

Since 1923

## ൯ അട്ടിതവാതാദികഃ

ചുക്കു, കഴഞ്ചിവേർ, ശിഗ്രുവേർ, വെള്ളുള്ളി
നീർമാതളത്തൊലി, ദേവതാരം, 14
ഉഗ്രയും, രാസ്നയും, വെള്ളുള്ളി തിപ്പലി,
മുസ്തം, കടുക്ക, കൊട്ടവേലിയും, 15
ആവണക്കിൻ വേർ, ചെറുതേക്കിന്റെ വേരും,
ചേന്നക്കഷായം കൊട്ടത്തുകൊണ്ടാൽ, 16
അട്ടിതവാതവു, മാക്ഷേപവാതവും,
മറുമൊഴിയും വിവാദമില്ല. 17

### കഷായം.

ഓരില, തിപ്പലി, കാർജീരക, മുള്ളി
തുല്യംവെന്തുള്ള കഷായം കൊണ്ടാൽ, 18
ഉന്മാർഗ്ഗക വായുവിന്നനുലോമന–
മുണ്ടാക്കിവാതം ശമിപ്പിച്ചീടും. 19

### ഗന്ധർവ്വഹസ്ത്യാദി കഷായം.

ചുക്കു, കടുക്ക, തമിഴാമ, തുവ്വയും
ആവണക്കിൻവേർ, കൊട്ടവേലിയും, 20
ആവിൽത്തളിരും, നിലമ്പനാമൂലവും,
കൊണ്ടുവെന്തുള്ള കഷായത്തിങ്കൽ, 21
ഇന്തുപ്പും, വെല്ലവും, ചേർത്തുകഴിപ്പിച്ചാൽ
ശോധനയുണ്ടാം, രുചിയുമുണ്ടാം; 22
അഗ്നിക്കുശക്തിയും, വായുവിൻ ശാന്തിയു–
മുണ്ടാകും വാതം ശമിച്ചുകൊള്ളും. 23

Since1923

മാറും; ലഘുപഞ്ചമൂലം ചേർത്തുവെന്ത
പാൽക്കഷായം രക്തവാതം പോക്കും. 2
ചിററമൃതോടു ശതാവരിചേൎന്നുള്ള
കഷായവും, രക്തവാതം ഹനിക്കും. 3
രാസ്നയു, മാവണക്കിൻവേർ, കുറന്തോട്ടി-
വേരും, കരിങ്കുറുഞ്ഞിയിടെ വേരും, 4
ആടലോടകത്തിൻവേരും, ശതവാരി-
വേരും, കൊട്ടത്തൂവ്വ, ചിററമൃതും, 5
ദേവതാരവും, വയൽച്ചുള്ളിയും, ചുക്കും,
മുസ്താക്കിഴങ്ങു, മതിവിടയം, 6
ചേൎന്നക്കഷായത്തിലെണ്ണയും നെയ്യുമേ
ചേർത്തുസേവിച്ചെന്നാൽ വാതരോഗം, 7
രക്തവാതമിവകൊണ്ടുള്ള നീർക്കെട്ടും
ശ്ശൂലയും മാറും; രാസ്നാദിയേവം 8

## വിയൎപ്പിപ്പാൻ.

ആവണ,ക്കുറു, പെരുങ്കുരുമ്പ, ബല,
മുഞ്ഞ, കരുനെച്ചി, കള്ളെ്യ,രുക്കും 9
ശിഗ്രു, തലവോട, നീർമാതള, മിവ-
ററിന്നുടെ ചപ്പു, മരുക്കിരവും; 10
ചേർത്തു ചതച്ചു, ഗോമൂത്രവും, കാടിയും
ചേരത്തൊരു പാത്രത്തിലിട്ടതിൻെറ, 11
വായ്ക്കെട്ടി വേവിച്ചതിൻ പുകവേണ്ടപോൽ
സ്നേഹംപുരട്ടിയരോഗിമെയ്യിൽ, 12
വേണ്ടപോലെല്പിച്ചാൽ വാതവ്യാധിയെല്ലാം
മണ്ടിത്തുടങ്ങീടുമില്ലവാദം. 13

Since 1923

## പാൽക്കഷായം.

(മട്ടമാറി)

പഞ്ചമൂലകഷായത്തിൽ പയ-
സ്സാന്റു കാച്ചിയശിക്കിലും,
മൂവിലോരിലയും, ചെറൂളയും,
ചേർന്നതിന്നു സമാനമായ്, 1

നൽക്കുറുന്തോട്ടി ചേർത്തുവെന്തതിൽ
പാലുകാച്ചിയശിക്കിലും;
പാതമത്രയും പോകമായതി-
നില്ലവാദമശേഷവും. 2

## ക്ഷീരബലാതൈലം.

ഐംപലം കുറുന്തോട്ടിവേരൊരു
നാലിടങ്ങഴി പൈംപാലിൽ,
പേഷിച്ചുചേർത്തിടങ്ങഴിയെണ്ണ
കാച്ചിവെച്ചു കഴിക്കിലും; 1

വസ്തിചെയ്കിലും; നസ്യംചെയ്കിലും,
തേക്കിലും പാതമെമ്പതും,
പോകും; വായുവും ശാന്തമായിടും;
ആവർത്തിച്ചാലതിഗുണം. 2

---

## 29. വാതശോണിത ചികിത്സ.

(പാന)

വാതശോണിതമുള്ളൊരുരോഗിയെ
എണ്ണതേപ്പിച്ചും നെയ്കഴിപ്പിച്ചിട്ടും, 1

Since 1923

സ്നിഗ്ദ്ധനായാൽ കുറേശ്ശെ കുറേശ്ശയായ്
രക്തംനീക്കിക്കളയുകയും വേണം. 2
നോവരിഞ്ഞു നുറുങ്ങും പോലുള്ളിട–
ത്തട്ടയിട്ടിട്ടു രക്തം കളയണം. 3
തക്കവെണ്ണം വരിഞ്ഞുകെട്ടാമെങ്കിൽ
കൊത്തിയിട്ടും കളയണം രക്തത്തെ; 4
പ്രാണികളരിക്കുംപോൽ ചൊറികടി
കാണുന്നേടത്തു കൊമ്പുവെച്ചീടണം. 5

## സേവിപ്പാൻ ഘൃതങ്ങൾ.

വെൺകട്ടകം, ചെറുകട്ടകം കൂട്ടി
നൈപയസ്സോടും കാച്ചിയരിച്ചിട്ടു, 6
സേവിച്ചീടുകിൽ വാതരക്തമുടൻ
പോയിക്കൊള്ളുമതിനില്ലൊരുവാദം. 7
മുന്തിരിങ്ങയിരട്ടിമധുരവും
കല്ക്കമായും കഷായമായും കൊണ്ടു, 8
പാലുചേർത്തിട്ടു നൈകാച്ചികല്ക്കണ്ടം
കൂട്ടിചേർത്തുകഴിച്ചുകൊണ്ടീടിലും, 9
ചിററമൃതിൻ ഘൃതം കഴിച്ചീടിലും
രക്തവാതമൊഴിഞ്ഞീടും നിശ്ചയം. 10

## വിരേചനത്തിനു

നൽക്കടുക്കക്കഷായം കഴിച്ചിട്ടു
പാൽകഴിച്ചും വയറിളക്കിക്കൊള്ളാം; 11
മുന്തിരങ്ങക്കഷായത്തിൽ കൊന്നയെ
ചേർത്തശിച്ചിട്ടും ശോധനചെയ്തിടാം. 12

Since 1923

വാതരോഗത്തിനു കഷായങ്ങൾ

ചിററമൃതിൻരസം ചേർത്തുപാൽകാച്ചി–
പ്പഞ്ചസാരയുംചേർത്തു കഴിക്കിലും, 13
കോകിലാക്ഷത്തിൻ മൂലത്തിൻ നിൎയ്യൂഹം
സേവിച്ചെന്നാലും രക്തവാതം പോകും. 14

ചെഞ്ചല്യാദി കുഴമ്പു്.

ആഢകം വെപ്പുകാടിയിൽ ചെഞ്ചല്യം
നാഴി, പ്രസ്ഥം തിലജവും ചേർത്തിട്ടു, 15
കാച്ചി നല്ലമൃതിൻ നീരുമൊന്നിച്ചു
ചേർത്തു നന്നായ്ക്കടഞ്ഞു പിരട്ടിയാൽ, 16
ചൂട്ടും ചുട്ടുപുകച്ചിലുമുള്ളൊരു
രക്തവാതമൊഴിഞ്ഞിടും നിശ്ചയം. 17

പിണ്ഡതൈലം.

നന്നാറിക്കിഴങ്ങിൻെറ കഷായത്തെ
നാലിടങ്ങി കൈക്കൊണ്ടുമഞ്ചട്ടി, 18
നാൽപലം ചേർത്തു നാനാഴിയെണ്ണയും
ചേർത്തുകാച്ചിയരിച്ചുകൊണ്ടായതിൽ, 19
ചെഞ്ചല്യപ്പൊടി നാഴിചേർത്തു നാലു–
രുപാത്തുക്കം മെഴുകുമരിഞ്ഞിട്ടു, 20
നല്ലപോലെ കടഞ്ഞു തേച്ചീടുകിൽ
രക്തവാതമശേഷമൊഴിഞ്ഞിടും. 21

പെരുമ്പാമ്പിൻ നെയ്പ്രയോഗം.

ശുണ്ഠധാത്രികഷായം വെച്ചിട്ടതിൽ
ചേർത്തുകൊണ്ടു പെരുമ്പാമ്പുതൻ വസ, 22
സേവിച്ചീടുകിൽ രക്തവാതം കുല–
മെല്ലാം പോയൊളിച്ചീടുമസംശയം. 23

Since 1923

# 30. ആവരണവായു ചികിത്സ.

(ഗാഥ)

വായുതാൻ പിത്തത്താൽ ചുററപ്പെട്ടതായാൽ
ശീതവുമുഷ്ണവുമാം കർമ്മങ്ങൾ; 1
ഓരോന്നിടവിട്ടു ചെയ്യേണം ധാരളം-
മെന്നാകിലായതു ശാന്തമാകും; 2
വാതത്തിൻ ലക്ഷണം കൂടിക്കണ്ടീടുകിൽ
ഉഷ്ണവും; രക്തപിത്തലക്ഷണം, 3
കാണുകിൽ ശീതവും കർമ്മങ്ങൾ സൂക്ഷിച്ചു
ചെയ്തുകൊണ്ടാൽ സുഖമുണ്ടായിടും. 4
പിന്നീടു, ജീവന്തി കാകോളി ക്ഷീരമാം
കാകോളി, മേദ മഹാമേദയും, 5
യഷ്ടിയും, മുല്ഗവും, മാഷപർണ്ണിരണ്ടും
രണ്ടുവിധമാം ഋഷഭകവും, 6
കല്ക്കംചേർത്തു പയസ്സോടും കാച്ചീടിന
ജീവനീയഘൃതം സേവിക്കേണം. 7

ഭക്ഷണത്തിന്നു യവമോ നെല്ലോകൊണ്ടു
ഉണ്ടാക്കീടുന്നതു കൈക്കൊള്ളേണം; 8
വ്യഞ്ജനത്തിന്നായി ജാംഗലമാംസവും;
പക്ഷികൾ മാംസവുമായാൽ കൊള്ളാം; 9
പാലും നെയ്യും വേണ്ടപോലെ കഴിക്കേണ-
മെന്നാലാവരണവായുപോകും. 10

പാതിരിപയ്യാനി കൂവളം മുഞ്ഞയും
നാൽക്കുമിഴുമിവററിൻേറ മൂലം 11

Since1923

തോലുനീക്കിക്കൊണ്ടെടുത്തു പൈമ്പാലിങ്കൽ
ചേർത്തുകുറുക്കികഴിച്ചീടേണം. 12

## ആവരണവായുരോഗമുള്ളവനു
### ധാരകൾ.

പഞ്ചമൂലകഷായംകൊണ്ടോ പാൽകൊണ്ടോ
ഗോഘൃതത്തെക്കൊണ്ടോ ധാരവേണം. 13

### പ്രത്യേക നിയമങ്ങൾ

വായുകഫത്തോടങ്ങാവൃതനാവുകിൽ.
ശോധനം രണ്ടും വിശേഷാൽവേണം; 2
സർഷപജം തിലജവും പ്രത്യേകിച്ചും
ഭക്ഷണത്തോടൊത്തു ശീലിക്കേണം. 3
വായു കഫപിത്തങ്ങളോടുസംസൃഷ്ട–
നാവുകിൽ മുമ്പിനാൽ പിത്തംതന്നെ, 4
ശാന്തനാക്കിക്കൊണ്ടു ചെയ്യു ചികിത്സക–
ളെന്നാകിൽ നല്ലപോൽ മാറിക്കൊള്ളും. 5

വായുരക്തത്തോടു സംസൃഷ്ടനായെന്നാൽ
വാതശോണിതോപചാരം പോരും. 6

വായുമാംസാവൃതനാവുകിലെണ്ണയിൽ
താളിച്ച സൂപ്പുകഴിച്ചീടേണം; 7
തൈലം പുരട്ടിട്ടു വേതുകൊള്ളിക്കേണ–
മെന്നാകിൽ ദ്രോഹം ശമിക്കുംവേഗം. 8

വായുമേദാവൃതനാകിൽ പ്രമേഹത്തി–
ന്നൊത്ത ചികിത്സകളിങ്ങുമാവാം; 9
ആഢ്യവാതോപചാരങ്ങളും ചെയ്തിടാം;
മേദോവാതഹരം ശ്രേഷ്ഠമേററം. 11

Since 1923

വായുമജ്ജാസ്ഥിശുക്ലാവൃതനാവുകി-
ലെണ്ണയും നെയ്യും വസാമജ്ജയും, 12
ചേർത്തുകാച്ചിക്കൊണ്ടു സേവിച്ചുകൊള്ളണം,
മററുമിതുകൊണ്ടു ചെയ്തീടേണം. 13

വായുതാനന്നത്തോടാവൃതനായെന്നാൽ
ഛർദ്ദിപ്പിച്ചീടേണമാദ്യംതന്നെ; 13
ദീപനം ചെയ്വതും വേഗം ദഹിപ്പതു-
മാംഭക്ഷണമവൻ ഭക്ഷിക്കേണം; 14

വായുമൂത്രാവൃതനായാൽ മൂത്രം തട-
യുന്നദിക്കിൽ വേതുകൊണ്ടീടേണം; 15
മൂത്രളംദ്രവ്യങ്ങൾ ഭക്ഷിച്ചുകൊള്ളേണം;
മററും യുക്തിപൂർവ്വം ചെയ്തീടേണം. 16

വായുമലത്തോടങ്ങാവൃതനായെന്നാൽ
വസ്തിപ്രയോഗം വിശിഷ്ടം നൂനം; 17
ആവണക്കെണ്ണയോ സംസ്കരിച്ച സ്നിഗ്ദ്ധ-
ദ്രവ്യമോകൊണ്ടു വിരേചിക്കണം. 18

വായുസർവ്വാവൃതനായിക്കഴിഞ്ഞീടിൽ
സ്രോതസ്സുവേഗത്തിൽ ശോധിക്കേണം, 19
ശ്ലേഷ്മം വർദ്ധിക്കാത്ത സ്വാദുദ്രവ്യം ചേർത്ത
സ്നിഗ്ദ്ധൗഷധാദി കഴിപ്പിക്കേണം; 20
ഗുൽഗ്ഗുലു സംശുദ്ധം പാലിൽ കഴിപ്പതും,
കന്മദം സംശുദ്ധവും വിശിഷ്ടം. 21

അന്യവായുക്കളെപാനം തടുത്തെന്നാൽ
ദീപനംഗ്രാഹി കഴിക്കവേണം. 22

Since 1923

## 31. കൃശചികിത്സ.

അശ്വഗന്ധം പാലിൽ വററിച്ചിട്ടു
വററിയപാലുമായിട്ടുണക്കി, 1
നെയ്യിൽ കുഴച്ചിട്ടോ, എണ്ണയിലൊ
കാഞ്ഞവെള്ളത്തിലോ സേവിച്ചെന്നാൽ, 2
സസ്യങ്ങൾ വർഷത്തിൽ വായ്ക്കുംപോലെ.
നന്നായ്‌ത്തുടങ്ങും, ബലവുംവായ്ക്കും. 3
കാരെള്ളുചെമ്മെ വറുത്തുവെച്ചു,
കാലത്തീരണ്ടുകഴഞ്ചശിച്ചു, 4
പച്ചവെള്ളമനുപാനംചെയ്താൽ
പുഷ്ടിയുണ്ടാകും ബലവുമുണ്ടാം. 5

---

## 32. സ്ഥൂലചികിത്സ.

വല്ലാതെകണ്ടു തടിക്കുന്നാകിൽ
നല്ലപോൽ വ്യായാമം ചെയ്തിടേണം; 1
രാവിലെ നല്ലെണ്ണ സേവിച്ചെന്നാൽ
സ്ഥൂലശരീരം കുറഞ്ഞുപോകും; 2
ആരോഗ്യം മെല്ലെന്നുയൎന്നുംകൊള്ളും,
തേനും, ജലവും സമമെടുത്തു, 3
ചേൎത്തു കാലത്തു കഴിച്ചെന്നാലും,
ദുർമ്മേദസ്സെല്ലാം കുറഞ്ഞുപോകും; 4
ചൊല്ലും കഫഹരമാം ചികിത്സ-
യെല്ലാമിതിന്നുഫലിക്കും നൂനം. 5

Since 1923

# 33 ധാതുക്ഷയ ചികിത്സ.

## (ധാതുക്ഷയനിവാരണചൂർണ്ണം.)

(ഗാഥ)

യഷ്ടി, യമുക്കരം, വെള്ളവിദാരിയും,
ഗോക്ഷുരം, വാരാഹി, മാഷതാന്നം, 1

ഗുപ്താശതാവരി, നെല്ലിക്ക, ശാല്മലീ–
നിര്യാസമെല്ലാം സമമെടുത്തു, 2

ചൂർണ്ണിച്ചീരണ്ടുകഴഞ്ചു തേനുംചേർത്തു
കാലത്തശിച്ചിട്ടു രാത്രിയിങ്കൽ, 3

പൈംപാലും സേവിച്ചുകൊള്ളുന്നുവെന്നാകിൽ.
ധാതുക്ഷയം മാറും, ക്ഷീണം മാറും; 4

വായുക്കളും നേരെയാം, പഞ്ചേന്ദ്രിയങ്ങൾക്ക–
ള്ളോജസ്സും വർദ്ധിക്കും, സൌന്ദര്യവും 5

## ഇക്ഷുര ഗോക്ഷുരാദിചൂർണ്ണം.

ഇക്ഷുരത്തിൽവിത്തും, ഗോക്ഷുരം മക്കടീ–
വിത്തും, മുസലം, ശതവാരിയും, 6

പൂളക്കറയും, സമം പൊടിച്ചുവെച്ചു
പാലിൽ കുറുക്കിക്കഴിച്ചുകൊണ്ടാൽ 7

ധാതുക്ഷയം തീർന്നു യൌവ്വനയുക്തനായ്
വന്നീടുമെന്നതിൽ വാദമില്ല. 8

———

Since 1923

## 34. വന്ധ്യാചികിത്സ

(ഗാഥ)

പേരാലിൻ മെട്ടെട്ടരച്ചു പൈംപാലിങ്കൽ
കാച്ചി, തീണ്ടാൻകളിക്കും ദിനം, 1

തൊട്ടൊരാഴ്ചവട്ടം സേവിച്ചുകൊണ്ടീടിൽ,
വന്ധ്യാദോഷം തീൎന്നുകൊള്ളും നൂനം. 2

നാഗപ്പൂ ചൂൎണ്ണിച്ചതൊന്നരശ്ശുകഴ-
ഞ്ചീതു പശുവിന്റെ നെയ്യിൽ ചേൎത്തു, 3

തീണ്ടാൻ നാലാംദിവസം തുടങ്ങീട്ടു,
സേവിച്ചു, പിന്നീട്ടു പാലുംകൂട്ടി, 4

ചോറുമുണ്ടീടേണമേഴുദിനമേവം
ചെയ്യേന്നാൽ വന്ധ്യത്വം പോകുംനൂനം. 5

വെള്ളിനാരകത്തിൻ ബീജം പൈംപാലിങ്കൽ
വേവിച്ചരച്ചേവം നെയ്യും ചേൎത്തു, 6

സേവിച്ചു പാൽചേൎത്തുഭക്ഷിച്ചുകൊള്ളുകിൽ
വന്ധ്യത്വം പോയീട്ടുമില്ലവാദം. 7

അശ്വഗന്ധത്തെപ്പൊടിച്ചുപാലുംചേൎത്തു
സേവിച്ചുകൊൾകിലും ഗൎഭംനില്ക്കും. 8

---

## 35. കഫരോഗചികിത്സ

ചിററമൃതു് ശതാവാരീമൂലം
ചേൎത്തുകൊണ്ടു കഷായിച്ചതിൽ,
തേനൊഴിച്ചു കഴിച്ചുകൊള്ളുകിൽ
പോകുമേ കഫജംഗദം. 1

Since 1923

ആവണക്കവേർ റാൽക്കഴഞ്ചമൃ-
തെട്ടമൊത്തു കഥിച്ചതിൽ,
കീട്ടത്തിൻപൊടി ചേർത്തുസേവിക്കിൽ
ശ്ലേഷ്മംപോം രക്തംശുദ്ധമാം. 2

---

## 36. പിത്തരോഗ ചികിത്സ.

ചിററമൃതിൻ രസത്തിൽ പഞ്ചാര
ചേർത്തുകൊണ്ടു കഴിക്കിലും,
നെയ്യും, കല്ക്കണ്ടം ചേർത്തുകൊണ്ടു
കഴിക്കിലും പിത്തം മാറീടും. 3

---

## 37. വാജീകരണവും, രസായനവും.

(ഓണപ്പാട്ട്)

### ഇരട്ടിമധുരപ്പൊടി.

യഷ്ടിപൊടിച്ചുവല്ലതം മധുവും
ചേർത്തുകഴിച്ചനുപാനമായി, 1
പാലുംകഴിച്ചുവസിക്കുന്നാകിൽ
ബീജം സ്ഥംഭിച്ചുകൊണ്ടീടുമത്രേ. 2

### അമൃതനൂറാദി.

ചിററമൃതിൻ നൂറും, നെല്ലിക്കേടെ
തൊണ്ടും ഞെരിഞ്ഞിലും തുല്യമായി, 3

Since 1923

ചൂൎണ്ണിച്ചു നെയ്യും, സിതയുമായി,
സേവിച്ചാൽ പോകും ജരനരകൾ, 4
ദീൎഘായുസ്സുണ്ടാകും, വീൎയ്യവാനാ-
മെന്നല്ലോ മാനുഷതേജസ്വിയാം. 5

### മൂലംകൎപ്പൂരാദി.

യഷ്ടിയും, കൃഷ്ണയും, പാൽമുതുക്കും
നല്ലമൂലം കൎപ്പൂരവും ചേൎത്തു, 6
ചൂൎണ്ണിച്ചു പഞ്ചാരചേൎത്തശിച്ചാൽ
വൃദ്ധത്വം പോകും, യുവാവായ്തീരും. 7

### പാൽമുതുക്കിൻപൊടി.

പാൽമുതുക്കിൻചൂൎണ്ണം ദ്രുപാത്രക്കം
രാത്രിയിൽ നെയ്ചേൎത്തോ തേനുമൊത്തോ, 8
സേവിച്ചാൽ വൃദ്ധൻ തരുണനാകും;
നെയ്തേൻ സിതയുമശിച്ചെന്നാലും. 9

---

## 38. വ്രണപ്രതിഷേധം.

വേപ്പിന്റെ തോലു, മമൃതും സമംചേൎത്തു
വെന്തകഷായം മധുവൊത്തു നല്കീടാൽ, 1
പുണ്ണും, ചൊറിയും, ചിരങ്ങും ശമിച്ചിട്ടു
രക്തപ്രസാദവു മുണ്ടായ്‌വരും ദൃഢം. 2

## ൮൧ ദുഷ്ടവ്രണചികിത്സ.

(ഗാഥ)

വെണ്ണകഴുകിത്തളികയിലിട്ടിട്ടു,
ചായില്യചൂർണ്ണം നാലൊന്നു ചേർത്തു, 3
കൈകൊണ്ടുരസിക്കുഴമ്പാക്കിശ്ശീലയിൽ
തേച്ചു വ്രണങ്ങളിൽ പററിക്കേണം. 4

### ചെഞ്ചല്യത്തുത്ഥം.

ചെഞ്ചല്യചൂർണ്ണം, മയിൽത്തുത്ഥചൂർണ്ണവും,
നാലുമൊന്നും ഭാഗം കൈക്കൊണ്ടിട്ടു, 5
വെണ്ണയും ചേർത്തു കുഴമ്പാക്കി ദുർവ്രണ-
ത്തിന്മേൽ തഴിയിട്ടാൽ പോകും വ്രണം. 6

### ധാരയ്ക്കു.

കാഞ്ഞിരവേർ കഷായത്താൽ വ്രണങ്ങളിൽ
ധാരചെയ്തിട്ടതു ശുദ്ധമാക്കാം; 7
ഇക്കഷായത്തിലിരട്ടിമധുരവും
ചന്ദനവും കല്ക്കമിട്ടു കാച്ചി, 8
തൈലമോ നെയ്യോ എടുത്തിട്ടു ധാരയെ-
ച്ചെയ്തുവന്നാലധികം ഗുണം. 9

### തഴിയിടുവാൻ.

ശുദ്ധമാം വെണ്ണയും, ചായില്യചൂർണ്ണവും
ചേർത്തുതളികയിലിട്ടു കുഴമ്പാക്കി, 10

Since 1923

ശീലയിൽതേച്ചു തഴിയിട്ടുന്നാകിലോ
ചാലവേപോകും വ്രണങ്ങളശേഷവും. 11

## പുരട്ടുവാൻ

(അന്നനട.)

കടുക്കയെച്ചൂടികളരച്ചു കല്ക്കമായ്
മുയൽച്ചെവിച്ചെടി രസയുതം തൈലം, 12
പചിച്ചരിക്കുമ്പോൾ മെഴുകർപ്പൂരവും
തകർത്തുചേർത്തു പുരട്ടീടുന്നാകിൽ, 13
വ്രണങ്ങളത്രയുമുണങ്ങിപ്പോയിടും;
തൃണങ്ങൾ വേനലിൽ കരിയുന്നപോലെ. 14

## ജാത്യാദി.

വനമുല്ല, മഞ്ഞളെരിക്കില, കൊടി-
ത്തല, തൊഴുകണ്ണി, കരിവേപ്പിൻ ചർമ്മം, 15
കരിവേപ്പിൻ പത്ര, മിവയെല്ലാംചേർത്തു
ഇടിച്ചൊരു നീരം പിഴിഞ്ഞരിച്ചതിൽ, 16
ഫലത്രയമേലമരച്ചു കല്ക്കമായ്
പചിച്ചരിച്ചോരു തിലജത്തെക്കൊണ്ടു, 17
കവിൾക്കൊൾകിൽ പല്ലിന്നുറപ്പുണ്ടാം, തൊണ്ണി-
ലുളവായ നോവു ശമിക്കയുംചെയ്യും; 18
വ്രണങ്ങളിലിതു പുരട്ടിയെന്നാകി-
ലുണങ്ങീടുമേതു വ്രണവും നിശ്ചയം. 19

Since1923

# 39. ഫിരംഗചികിത്സ.

(ഗാഥ)

ചിററമൃതും, വേപ്പിൻപട്ടയും തുല്യമായ്
വെന്തകഷായം ക്രമപ്രകാരം, 1

രണ്ടുനേരവും തേൻചേർത്തു കഴിക്കുകിൽ,
മാറും ക്രമത്താൽ ഫിരംഗരോഗം; 2

കഞ്ഞിയിൽ പാവും, കരിംജ്ജീരകംതാനും
ചൂർണ്ണിച്ചുചേർത്തു കഴിച്ചു പഥ്യം, 3

കൈക്കൊണ്ടിരിക്കിൽ ഫിരംഗരോഗം മാറും,
എന്നല്ല, മററും വ്രണങ്ങളും പോകും. 4

## കുഴമ്പ്.

ശംഖും, പടിക്കാരം, കാത്തും, രസം, മഞ്ഞളും
ഗന്ധം, സ്ഫടികം, മയിൽ തുത്ഥവും, 5

ചൂടൻ കർപ്പൂരവും തുല്യമെടുത്തിട്ട്,
ചൂർണ്ണിച്ചുതേനിൽ കുഴമ്പുണ്ടാക്കി; 6

തേച്ചാൽ ശമിച്ചിടു, ഉഷ്ണപ്പുണ്ണാംരോഗം;
തൈലത്തിൽ ചാലിച്ചു തേച്ചാലും പോം. 7

## ആരഗ്വധാദി കഷായം.

കൊന്നത്തൊലിയും, കടുക്കയും, മഞ്ഞളും,
വേപ്പിൻതൊലിയും, നറുമമൃതും, 8

കാർകോലരിയും, കഷായമാക്കിക്കൊണ്ടു,
കാലത്തുശർക്കരചേർത്തുകൊണ്ടും, 9

വൈകീട്ട തേനൊഴിച്ചിട്ടും കഴിക്കുകിൽ
പോകുമുണ്ണപ്പുണ്ണാകുന്നരോഗം. 10

---

## 40. ശ്ലീപദചികിത്സ.

(അന്നനട.)

ദുഷിച്ചൊരുദിക്കിൽ നടക്കുകകൊണ്ടും,
ദുഷിച്ചൊരുവെള്ളം കുടിക്കുകകൊണ്ടും, 1

കഫോദ്ഭവനാദേശത്തധികമായിട്ട
വസിക്കുകകൊണ്ടും പെരുംകാലുണ്ടാവും. 2

പതിനെട്ടുമാസം തികയുംമുമ്പായി-
ച്ചികിത്സിച്ചീടുകിൽ ശമിച്ചിടും നൂനം. 3

അവധി വിട്ടാലും, ചികിത്സചെയ്യണം,
കവിഞ്ഞു ചീയാതെ കഴിയുവാനായി. 4

### വിരേചനത്തിനു.

കടുക്ക ഗോമൂത്രമതിൽ കഴിച്ചിട്ട
വിരേചിപ്പിക്കുന്നതധികം നല്ലതാം; 5
പലവട്ടമേവം കഴിച്ചുകൊണ്ടിട്ട
കഴിക്കണം പിന്നെക്കഷായാദ്യൌഷധം. 6

### കഷായത്തിനു

(ഗാഥ)

ചൊല്ലാൻ കോരി, ചരിയ, ചെറുവഴുതല
മൂലമെടുത്തു കഷായംവെച്ചു, 7

Since 1923

ത്താവണക്കെണ്ണയും ചേർത്തുകഴിക്കുകി–
ലെല്ലാവക ശ്ലീപദവും പോകും. 8

എണ്ണയ്ക്കു.

റൊങ്ങണം പുല്ലു പിഴിഞ്ഞരസത്തിങ്കൽ
പാറകവേർ കല്ക്കം ചേർത്തുകൊണ്ടു, 9
ഏരണ്ഡജമെണ്ണകാച്ചിത്തേച്ചുകൊണ്ടാൽ
പോകും പെരുങ്കാൽ ത്രിദോഷജവും. 10

——*——

പലവക

## 41. കുഴിനഖചികിത്സ

(ഗാഥ)

കുത്തിപ്പഴുക്കും കുഴിനഖത്തിന്നാദ്യം
ദുഷ്ടരക്തം നീക്കിക്കളകവേണം; 1
പിന്നീട്ട് കാഞ്ഞിരവേർവെള്ളത്താൽ ധാര
വേദനനില്പോളംചെയ്തീടണം; 2
പൊട്ടിയെന്നാൽ വ്രണതൈലം പുരട്ടീട്ടു
കെട്ടിയെന്നാകിൽ സുഖമായ്ത്തീരും. 3
പുണ്ണുകൾകാലിന്നിടകളിലുണ്ടാകിൽ
വെണ്ണയും ചേർത്തു തുരിശുവെക്ക. 4

Since 1923

## ൧ കൊതിക്കു.

ഉപ്പിട്ടുകൊണ്ടുവറുത്ത കലത്തിങ്കൽ
മോർകാച്ചിസ്സേവിച്ചാൽ പോകുംകൊതി 5

ആരാൽവറുത്തു കഥിച്ചുകൊതിപ്പുല്ലിൻ
നീരം കുടിച്ചാലും പോകുംകൊതി. 6

## ൨ ചുണങ്ങിന്നു്.

ചന്ദനം നാരങ്ങനീരിലരച്ചതിൽ
പൊങ്കാരത്തെപ്പൊരിച്ചിട്ടുചേർത്തു, 7

മേൽപ്പുരട്ടീടുകിലേഴുദിനംകൊണ്ടു
പോകും ചുണങ്ങും, മൊരിച്ചുണങ്ങും 8

## ൩ ആണിക്കു് (പത്മകണ്ടകത്തിന്നു്)

പാടേപഴുക്കത്തൊലിയുടെ നീരവും
പൊങ്കാരത്തിൻ പൊരിയും, ഘൃതവും, 9

ചേർത്തുകുഴമ്പാക്കി മേൽപുരട്ടീടുകി–
ലാണികൾ വീണ്ടുപോമില്ലവാദം. 10

## ൪ പാലുണ്ണിക്കു്.

പ്രായംതികഞ്ഞ ജനത്തിൽവന്നീടുന്ന
പാലുണ്ണി പോവാൻ ചികിത്സിക്കണം; 11

അട്ടപിടിപ്പിച്ചു ദുഷ്ടരക്തംനീക്കി–
ക്കൊണ്ടുചികിത്സിച്ചുകൊൾകനല്ലു, 12

നെയ്യിലിരട്ടിമധുരം വറുത്തര–
ച്ചിട്ടാൽ പഴുത്തൊരുപാലുണ്ണിപോം; 13

Since 1923

യഷ്ടിയും, ദ്രവ്യ,മെള്ളം സമമായി
നെയ്യിൽ വറുത്തു കഴമ്പുണ്ടാക്കി, 14
തേക്കുകിൽ നീക്കെട്ടും, പാലുണ്ണിയും പോകും;
പുണ്ണായാൽദ്രവ്യരസത്തിലെണ്ണ, 15
യഷ്ടിയെകല്ക്കമായ്ചേർത്തുകാച്ചിക്കൊണ്ടു,
തേച്ചുകൊള്ളേണം, ശമിക്കും നൂനം. 16

## ൬ കുടലേററത്തിന്ന്.

ചുക്കും, കഴഞ്ചിക്കുരുവും, വെളുത്തുള്ളി-
യോമവുംകൂട്ടിപ്പലമെടുത്തു, 17
കുന്നിച്ചുരച്ചു കിഴികെട്ടിടങ്ങഴി
വെള്ളത്തിൽ വേവിച്ചുരിയായ് വാങ്ങി, 18
രണ്ടുനേരമായിസ്സേവിച്ചുകൊള്ളുകിൽ,
പോകും കുടലേററ,മില്ലവാദം. 19

---

പലവക

# വയറിളക്കം നിർത്തുവാൻ.

(ഗാഥ)

നീർവാളംകൊണ്ടുവയറിളക്കിയെന്നാൽ
നിശ്ശേഷം ദോഷമൊഴിഞ്ഞുപോകും; 1
എങ്കിലുമായതു നില്ക്കാതെ കണ്ടായാ-
ലേററം പിഞ്ചായൊരിളം നീരിങ്കൽ, 2
ചന്ദനം തെല്ലൊന്നരച്ചു കലക്കീട്ടു
ചേലൊത്തമട്ടിൽ കഴിപ്പിക്കേണം; 3

Since 1923

എന്നാലുടനടി നില്ക്കും വിരേചന-
മെങ്കിലും നിന്നീലയെന്നുവന്നാൽ, 4

ചന്ദനക്വാഥത്തിലുഗ്രയരച്ചിട്ടു
മന്ദം കുറേശ്ശ കഴിപ്പിക്കേണം; 5

നില്ക്കുമിതിൽ തേനും ചേർത്തു കഴിച്ചെന്നാൽ
നില്ക്കാതെയില്ലൊരിളക്കം നൂനം. 6

---

## 42. ഗന്ധകപ്രയോഗം.

സംശുദ്ധം ഗന്ധകം ഗോഘൃതവും ചേർത്തു
പഥ്യമായ് രണ്ടാഴ്ച സേവിക്കുമ്പോഴും, 1

പാലും, പാൽകഞ്ഞിയും മാത്രം കഴിപ്പതാ-
ണുത്തമമായുള്ള പഥ്യക്രമം; 2

ഇന്തുപ്പും നല്ല മുളകും നെയ്യും ചേർത്ത
ഭക്ഷ്യമശിപ്പതും പഥ്യമത്രേ! 3

ഗന്ധകം സേവിച്ചിരിക്കുന്ന നാൾകളിൽ
സ്നാനം കഴിപ്പതോ വർജ്ജ്യം നൂനം; 4

സേവിക്കും നാൾവിട്ടാൽ സ്നാനം കഴിച്ചിടാം,
ആഹാരം പഥ്യം വെടിഞ്ഞുകൂടാ. 5

വാരമൊന്നേവം കഴിഞ്ഞാലിരുവാരം
തിക്തകം സേവിച്ചുകൊണ്ടിടേണം; 6

പിന്നീടൊരുവാരം തൽപഥ്യം കൊള്ളേണം;
ഏവമൊരുമണ്ഡലം പാർക്കേണം; 7

എന്നാകിൽ ദുഷ്ടവ്രണങ്ങളശേഷവു-
മൊന്നുപോലെയുണങ്ങീടും നൂനം; 8

Since 1923

എല്ലാരോഗങ്ങളും ഗന്ധകം സേവിച്ചാ-
ലില്ലാതാമെന്നുള്ളതോ പ്രസിദ്ധം. 9
മണ്ഡലം മൂന്നേവം നന്നായ് കഴിച്ചീടിൽ
ദേഹം സംശുദ്ധമായിത്തീരും നൂനം. 10

## ഗന്ധകശുദ്ധിക്രമം.

ഗന്ധകം നാലൊന്നു ഗോഘൃതമൊന്നിച്ചു
പന്തിസ്സുരുക്കീട്ടു കച്ചയൂടെ, 11
എട്ടിരട്ടിച്ചുള്ള പാലിലൊഴിക്കേണ-
മേഴുവട്ടമേവം ചെയ്തീടേണം. 12
ആവർത്തിക്കുംതോറും വർദ്ധിച്ചീടുംഗുണം
നൂറാവർത്തിച്ചെന്നാലമൃതോപമം. 13

ഇതികുഡുംബവൈദ്യൻ

പ്രഥമഗ്രന്ഥം

സമാപ്തം.

Since 1923

1048

# സച്ചിദാനന്ദസ്വാമികളുടെ മററുകൃതികൾ.

| | | |
|---|---|---|
| 1. | ശ്രീനാരായണവിജയം. (1-ാംഭാഗം) | 1-0-0 |
| | ടി വെള്ളക്കടലാസ് | 1-8-0 |
| 2. | കവിതാമഞ്ജരി. (1-ാംഭാഗം) | 1-0-0 |
| 3. | ആത്മോപദേശശതകം ഭാവപ്രകാശം വ്യാഖ്യാനം | 1-8-0 |
| 4. | സ്തവരത്നാകരം (1-ാംഭാഗം) | 1-0-0 |
| 5. | സ്തവരത്നാകരം (2-ാംഭാഗം) | 0-12-0 |
| 6. | സന്ന്യാസി | 0-6-0 |
| 7. | ദൃഗ്ദൃശ്യവിവേകം | 0-6-0 |

## അച്ചടിപ്പിച്ചുവരുന്ന ഗ്രന്ഥങ്ങൾ.

1. ആചാര്യൻ (2-ാംപതിപ്പ്)
2. ആനന്ദനന്ദനം.
3. ജീവകാരുണ്യം. (ജീമൂതവാഹനൻ) 2-ാംപതിപ്പ്
4. ഡൽഹി ഡർബാർ. (2-ാംപതിപ്പ്)
5. അബൂബക്കർ (2-ാംപതിപ്പ്)
6. ശ്രീനാരായണവിജയം. (2-ാംഭാഗം)
7. കവിതാമഞ്ജരി (2-ാംഭാഗം)
8. സുകുമാരഭാസ്കരം (ബാലചികിത്സ)
9. സിദ്ധവൈദ്യം.
10. പാക്കനാർ (നാടകം)
11. ദർശനമാല (തർജ്ജമ)

ആവശ്യപ്പെടേണ്ടും മേൽവിലാസം:—

ശ്രീനാരായണ സുദർശനം,
P. O. കഴിമ്പ്രം,
Via: Valappad.

Since 1923